


# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2026 ജനുവരി 01 – 15
Volume XX Issue 01

**അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക**





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

**TIMES OF AMERICA.ORG ONLINE BI- WEEKLY**
www: **timesofamerica.org**
**News Cordination: Joychan Puthukulam**

Managing Editor: **Mathew George**
Tel: 267-991-2111










# ആണവശേഷി പുനർനിർമിക്കാൻ ഇറാൻ ശ്രമിച്ചാൽ യുഎസ് തിരിച്ചടിക്കുമെന്ന് ട്രംപ്



ഫ്ലോറിഡ: ഗാസയിൽ സമാധാനത്തിന് ഹമാസ് ആയുധം വെടിയണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഗാസ സമാധാന പദ്ധതിയുടെ രണ്ടാം ഘട്ടം എത്രയും വേഗം ആരംഭിക്കണമെന്നും എന്നാൽ അതിനു മുന്നോടിയായി ഹമാസ് ആയുധം വെടിയണമെന്നും ട്രംപ് ആവശ്യപ്പെട്ടു. ഹമാസിന്റെ നിരായുധീകരണം, ഗാസ പുനർനിർമ്മാണം ആരംഭിക്കൽ, ഗാസയിൽ യുദ്ധാനന്തര ഭരണം സ്ഥാപിക്കൽ എന്നിവയിലാണ് സമാധാന പദ്ധതിയുടെ രണ്ടാം ഘട്ടം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ബാലിസ്റ്റിക് മിസൈൽ പദ്ധതികളോ ആണവശേഷിയോ പുനർനിർമ്മിക്കാൻ ഇറാൻ ശ്രമിച്ചാൽ യുഎസ് തിരിച്ചടിക്കുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകി. ഫ്ലോറിഡ മാർഎലാഗോയിലുള്ള ട്രംപിന്റെ വസതിയിൽ ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവുമായുള്ള കൂടിക്കാഴ്ചയ്ക്കു മുന്നോടിയായി മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇറാൻ ബാലിസ്റ്റിക് മിസൈൽ പദ്ധതി വികസിപ്പിക്കുകയാണെന്ന് ബെന്യാമിൻ നെതന്യാഹു അടുത്തിടെ മുന്നറിയിപ്പ് നൽകിയിരുന്നു. കൂടുതൽ നടപടികൾക്കായി അദ്ദേഹം ട്രംപിന് മേൽ സമ്മർദ്ദം ചെലുത്തുമെന്നാണ് വിലയിരുത്തൽ. ഈ വർഷം ആദ്യം, ഇറാനിലെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ യുഎസ് വ്യോമാക്രമണം നടത്തിയിരുന്നു.

# പ്രവാസി ഇന്ത്യക്കാർക്ക് ഇരട്ട പൗരത്വം ആവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ




ഹൂസ്റ്റൺ : പ്രവാസി ഇന്ത്യക്കാർക്ക് ഇരട്ട പൗരത്വം ആവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ. പ്രവാസി ലീഗൽ സെൽ പ്രതിനിധികൾ ഹ്യൂസ്റ്റണിലുള്ള ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസ് സന്ദർശിക്കവെയാണ് ഈ ആവശ്യം ഉന്നയിച്ചത്. ഇതിനായി വിവിധ തലത്തിലുള്ള ക്യാമ്പയിനമായി പ്രവാസി ലീഗൽ സെൽ മുന്നിട്ടിറങ്ങുമെന്നും ഭാരവാഹികൾ പറഞ്ഞു.

ഇത്തരത്തിലുള്ള ആവശ്യം നേടിയെടുക്കുന്നതിനായി പ്രവാസികൾ ഒരുമിച്ചു സമ്മർദ്ദം ചെലുത്തേണ്ടതുണ്ട് എന്ന് ഹൂസ്റ്റണിലുള്ള ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസ് എച്ഒസി പ്രശാന്ത് കുമാർ സോന പറഞ്ഞു. പ്രവാസി ലീഗൽ സെല്ലിന്റെ മുൻ വർഷത്തെ പ്രവർത്തന റിപ്പോർട്ട് മികച്ചതാണെന്നും കൂടുതൽ മികച്ച രീതിയിൽ പ്രവർത്തിക്കാൻ തുടർന്നും സാധിക്കട്ടെ എന്നും പ്രശാന്ത് കുമാർ സോന പറഞ്ഞു.

പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രെസിഡെന്റ് അഡ്വ. ജോസ് എബ്രഹാം, ഗ്ലോബൽ കോർഡിനേറ്റർ ഡോ. സെബാസ്റ്റ്യൻ ജോസഫ് പിഎൽസി ഹൂസ്റ്റൺ കോർഡിനേറ്റർ മാത്യു ഫിലിപ്പ് വട്ടക്കോട്ടയിൽ എന്നിവരുടെ നേതൃത്വത്തിലാണ് ഹ്യൂസ്റ്റണിലുള്ള ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസ് സന്ദർശനം നടന്നത്. ഇരട്ട പൗരത്വം നേടിയെടുക്കാനായി നിയമപരമായ എല്ലാ സാദ്ധ്യതകളും തേടുമെന്ന് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ വക്താവ് സുധീർ തിരുനിലത്ത് പറഞ്ഞു.

## പുതുവർഷ ആശംസകൾ

**മാനേജിംഗ് എഡിറ്റർ**



**മാത്യു ജോർജ്**

ടൈംസ് ഓഫ് അമേരിക്ക ഡോട്ട് ഓർഗ് വായനക്കാർക്ക് പുതുവർഷആശംസകൾ.

ടൈംസ് ഓഫ് അമേരിക്കൻ ഡോട്ട് ഓർഗ് ഓൺലൈൻ ന്യൂസ് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിലായി അമേരിക്ക മലയാളികളുടെ സാഹിത്യ സാംസ്കാരിക മേഖലകളിലുള്ള വാർത്തകൾ പ്രസിദ്ധീകരിച്ചുവരുന്നു.

സാംസ്കാരികമായി മലയാളികളെ കൂട്ടിയിണക്കുന്നതിൽ ഞങ്ങൾക്കും പങ്കുവഹിക്കുവാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

അമേരിക്കൻ ഐക്യനാടുകളിൽ ജീവിക്കുമ്പോൾ മനസ്സ് കേരളത്തിലാണെന്നതാണ് ഓരോ മലയാളിയുടെയും സാംസ്കാരികധാരയെ സജീവമാക്കുന്നത്. കേരളത്തിൽ നടക്കുന്ന ഓരോ മാറ്റങ്ങളും ഐക്യനാടുകളിലെ മലയാളികളിൽ അതേസമയം പ്രതിഫലിക്കുന്നു. അതുതന്നെയാണ് സാംസ്കാരികമായ ഒരു ഭൂമി സൃഷ്ടിക്കുവാൻ അമേരിക്കൻ മലയാളികൾക്ക് കഴിയുന്നതും. എല്ലാവർക്കും പുതുവർഷാശംസകൾ.

സാംസ്കാരികം

**അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക**

**ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം**

**പി. ഡി. എഫ് ഫയലിനോടൊപ്പം**

**www.timesofamericanmalayali.com**

**പ്രതിമാസ സാംസ്കാരിക മാസിക**

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

**ഈ ലക്കത്തിൽ**

**ജീവിതങ്ങളെ അടയാളപ്പെടുത്തിയ ശ്രീനിവാസൻ**



# ജോർജ് ഓലിക്കൽ ഫോക്കാനടീം എംപവറിന്റെകരുത്തായ ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി



ഫിലാഡൽഫിയ സ്വദേശിയായ ജോർജ് ഓലിക്കൽ, കഴിഞ്ഞ 33 വർഷത്തിലേറെയായി അമേരിക്കയിലെ മലയാളിഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് സ്വയം സമർപ്പണം ചെയ്തിട്ടുള്ള പ്രമുഖ നേതാവും സാംസ്കാരിക പ്രവർത്തകനും പ്രൊഫഷണലുമാണ്. ലീലാ മാരേട്ട് പാനലിന്റെ ഭാഗമായി ഫോക്കാന ജനറൽ സെക്രട്ടറിയായി അദ്ദേഹം മത്സരിക്കുന്നു.

ഫോക്കാന 2026-2028 കാലഘട്ടത്തേക്കുള്ള ജനറൽ സെക്രട്ടറി എന്ന ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ജോർജ് ഓലിക്കലിന്റെ തീരുമാനം, അധികാരലോഭമോ വ്യക്തിപരമായ ആഗ്രഹങ്ങളോ മുൻനിർത്തിയുള്ളതല്ലെന്ന് ലീലാ മാരേട്ട് അഭിപ്രായപ്പെട്ടു. സമൂഹസേവനത്തിലൂടെയും സ്ഥിരതയുള്ള പ്രവർത്തനങ്ങളിലൂടെയും ഓർഗാനിക് ആയി സമൂഹത്തിലേക്ക് ഉയർന്നുവന്ന ജോർജ് ഒലിക്കലിന്റെ സവിശേഷ വ്യക്തിത്വത്തിനുള്ള അംഗീകാരമാണിതെന്നും അവർ വ്യക്തമാക്കി.

സ്വാർത്ഥ ലാഭേച്ഛകളില്ലാതെ, തന്റെ കഴിവും സമയവും സൃഷ്ടിപരമായ ഊർജവും മലയാളി സമൂഹത്തിന്റെ വളർച്ചയ്ക്കായി സമർപ്പിക്കുമ്പോഴാണ് ഏതൊരു മലയാളി ഫെഡറേഷനും സംഘടനയും സജീവമാകുന്നതെന്ന് ലീലാ മാരേട്ട്. ആ മാനദണ്ഡങ്ങളിൽ പൊതുസമൂഹം തിരിച്ചറിഞ്ഞ നേതാവാണ് ജോർജ് ഓലിക്കൽ.

നാലുവർഷക്കാലം പെൻസിൽവേനിയ മലയാളി അസോസിയേഷൻ പ്രസിഡന്റായി പ്രവർത്തിച്ച അദ്ദേഹം, സംഘടനയുടെ വളർച്ചയും സ്ഥിരതയും ഉറപ്പാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

സമൂഹനേതൃത്വവും സംഘടനാ സേവനവും ദശകങ്ങളായി വിവിധ മലയാളി, ഇന്ത്യൻഅമേരിക്കൻ സംഘടനകളിൽ സുതാര്യവും ഫലപ്രദവുമായ നേതൃപരിപാടിയാണ് ജോർജ് ഓലിക്കൽ നൽകിവരുന്നത്.

# ക്രിസ്മസ് തലേന്ന് കാണാതായ പെൺകുട്ടിക്കായുള്ള തിരച്ചിലിനിടെ മൃതദേഹം കണ്ടെത്തി

**- പി.പി ചെറിയാൻ**

സാൻ അന്റോണിയോ: ക്രിസ്മസ് തലേന്ന് കാണാതായ 19 വയസ്സുകാരി കാമില മെൻഡോസ ഓൾമോസിനായുള്ള തിരച്ചിലിനിടെ ഒരു മൃതദേഹം കണ്ടെത്തിയതായി ബെക്സർ കൗണ്ടി ഷെരീഫ് അറിയിച്ചു. മൃതദേഹം കാമിലയുടേതാണോ എന്ന് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല.

ഡിസംബർ 24ന് പുലർച്ചെ വീട്ടിൽ നിന്നാണ് കാമിലയെ കാണാതായത്. ഫോണും ഐപാഡും വീട്ടിൽ തന്നെ വെച്ച നിലയിലായിരുന്നു.

കണ്ടെത്തിയ മൃതദേഹത്തിൽ സ്വയം പരിക്കേൽപ്പിച്ചതിന്റെ സൂചനകളുണ്ടെന്നും എന്നാൽ അസ്വാഭാവികമായ മറ്റ് ഇടപെടലുകൾ സംശയിക്കുന്നില്ലെന്നും ഷെരീഫ് ഹാവിയർ സലാസർ പറഞ്ഞു.

എഫ്.ബി.ഐയുടെയും ഹോംലാൻഡ് സെക്യൂരിറ്റിയുടെയും സഹായത്തോടെ വലിയ രീതിയിലുള്ള തിരച്ചിലാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്നത്. കാമില മുൻപ് ആത്മഹത്യാ പ്രവണത കാണിച്ചിരുന്നതായി പോലീസ് സൂചിപ്പിച്ചു. കൂടുതൽ ഫോറൻസിക് പരിശോധനകൾക്ക് ശേഷം മാത്രമേ മൃതദേഹം ആരുടേതാണെന്ന് ഉറപ്പിക്കാൻ കഴിയൂ എന്ന് അധികൃതർ വ്യക്തമാക്കി.

1 January - **New Year's Day**

1 January marks New Year’s Day, the beginning of a fresh calendar year filled with new hopes and possibilities. It is a time to celebrate, reflect on the past year, and set positive goals for the days ahead.

1 January – **Global Family Day**

It is celebrated as a day of peace and sharing. Its aim is to unite and spread a message of peace by considering and promoting the idea that Earth is one Global Family so as to make the world a better place to live for everyone.

2 January- **World Introvert Day**

January 2, the day following the celebrations of the previous year being ended is observed as World Introvert Day in order to better understand the numerous introverts all over the world. It is the ideal day to honor introverts by giving them the time and space they require.

3 January- **International Mind Body Wellness Day**

On January 3, it's International Mind-Body Wellness Day, a time to recommit to loving both our bodies and minds by putting new strategies for development and wellness into action.

# വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷിച്ചു




**- ലൂക്കോസ് മാത്യു**

വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷം ഈ മാസം ഇരുപത്തിയെട്ടാം തീയതി ഞായറാഴ്ച, ബെൻസലത്തുള്ള ലംഹാ ഇന്ത്യൻ റസ്റ്ററന്റിൽ വച്ച് സംഘടിപ്പിച്ചു. പ്രൊവിൻസ് അംഗങ്ങളും കുടുംബാംഗങ്ങളും സുഹൃത്തുക്കളും ആഘോഷ പരിപാടികളിൽ പങ്കെടുത്തു.

ജനറൽ സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതവും ക്രിസ്മസ് ന്യൂ ഇയർ ആശംസകൾ അർപ്പിച്ചും, കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട്അവതരിപ്പിച്ചു. പ്രസിഡന്റ് നൈനാൻ മത്തായി അധ്യക്ഷ പ്രസംഗം നടത്തി, എല്ലാവർക്കും ഐശ്വര്യവും സമ്പൽസമൃദ്ധവുമായ ഒരു പുതുവത്സരം ആശംസിച്ചു. ചെയർപേഴ്സൺ മറിയാമ്മ ജോർജ്ജും വൈസ് പ്രസിഡന്റ് ജോസ് ആറ്റുപുറവും അവരുടെ ആശംസാ പ്രസംഗത്തിൽകൂടി എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ അറിയിച്ചു.

കാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യ നന്മക്കും ഊന്നൽ നൽകിക്കൊണ്ട് പ്രൊവിൻസിന്റെ അടുത്ത വർഷത്തേക്കുള്ള വിവിധ പദ്ധതികൾക്കും ആഘോഷ പരിപാടികൾക്കും യോഗമധ്യേ ആലോചനകൾക്കു ശേഷം അംഗീകാരം നൽകി.

പ്രൊവിൻസിന്റെ 2026- 2027 ലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, വേൾഡ് മലയാളീ കൗൺസിൽ അമേരിക്ക റീജിയൻ ചുമതലപ്പെടുത്തിയിട്ടുള്ള ഇലക്ഷൻ ഏജന്റ് ജോർജ് ജേക്കബിന്റെ നേതൃത്വത്തിൽ നടന്നു.

അജി പണിക്കർ (ചെയർപേഴ്സൺ), നൈനാൻ മത്തായി (പ്രസിഡന്റ്), ലൂക്കോസ് മാത്യു (ജനറൽ സെക്രട്ടറി), അമ്മാൾ ജോർജ്ജ് (ട്രഷറർ), ആലിസ് ആറ്റുപുറം (വൈസ് ചെയർപേഴ്സൺ), ജെസ്സി മാത്യു (വൈസ് ചെയർപേഴ്സൺ), തോമസ്കുട്ടി വർഗീസ് (വൈസ് പ്രസിഡന്റ്), ജോസ് ആറ്റുപുറം (വൈസ് പ്രസിഡന്റ്), ഷിബു മാത്യു (ജോയിന്റ് സെക്രട്ടറി), ജിതിൻ ജെ (ജോയിന്റ് ട്രഷറർ), ഷൈലാ രാജൻ (പ്രോഗ്രാം കോർഡിനേറ്റർ), നിർമലാ തോമസ്കുട്ടി (വുമൺ ഫോറം ചെയർ പേഴ്സൺ), ആൻജെലിൻ മാത്യു (യൂത്ത് ഫോറം സെക്രട്ടറി), തോമസ് ഡാനിയേൽ (ഓഡിറ്റർ), തങ്കച്ചൻ സാമുവേൽ (പ്രോഗ്രാം കോർഡിനേറ്റർഹോസ്പിറ്റാലിറ്റി), ഡാൻ തോമസ് (യൂത്ത് ഫോറം കോർഡിനേറ്റർ), ജെയിംസ് പീറ്റർ (പി. ആർ. ഓ), അച്ചാമ്മ തോമസ് (ഫുഡ് കോർഡിനേറ്റർ), ബാബു വർഗീസ് (ടൂർ കോർഡിനേറ്റർ), ബെന്നി മാത്യു (മീഡിയ കോർഡിനേറ്റർ), ലീതു ജിതിൻ (വുമൺ ഫോറം സെക്രട്ടറി), സുജീഷ് തോമസ് ജേക്കബ് (അക്കൗണ്ടൻറ്), സിജു (ഐ.ടി കോർഡിനേറ്റർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

ട്രഷറർ തോമസ്കുട്ടി വർഗീസ് നന്ദി പ്രകാശനവും എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും ആശംസകളും അറിയിച്ചു. പുതുതായി പ്രൊവിൻസിന്റെ അംഗങ്ങളായി ഈ ആഘോഷ പരിപാടികളിൽ പങ്കെടുത്ത ബാബു വർഗീസ്, മോനി ബാബു, ഒപ്പം അവരുടെ കുടുംബാംഗങ്ങൾ എന്നിവരോടുള്ള പ്രത്യേക നന്ദിയും സ്നേഹവും രേഖപ്പെടുത്തി. ഉച്ചഭക്ഷണത്തോടുകൂടി ഉച്ചക്ക് ഒരുമണിക്ക് ആരംഭിച്ച ആഘോഷ പരിപാടികൾ ഫോട്ടോസെഷനോടുകൂടി വൈകിട്ട് നാല് മണിക്ക് പര്യവസാനിച്ചു.

# വാമോസ് അമിഗോ പുതുവത്സരം യുവജനങ്ങളോടൊപ്പം ആഘോഷിച്ചു; സാമൂഹിക സേവനങ്ങൾക്ക് മുൻഗണന



**- ഷിബു പോൾ തുരുത്തിയിൽ**

ബ്രിസ്ബെയ്ൻ ഓസ്ട്രേലിയ: വാമോസ് അമിഗോ സംഘടന യുവജനങ്ങളോടൊപ്പം പുതുവത്സരം ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി, 2026ൽ സാമൂഹിക ഉത്തരവാദിത്വം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സംഘടന നിർണായക തീരുമാനങ്ങൾ കൈക്കൊണ്ടു.

ഈ വർഷം പ്രായമായവർക്കുള്ള സഹായ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, യുവജനങ്ങളെ സമൂഹ സേവനത്തിലേക്ക് ആകർഷിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യമായി വാമോസ് അമിഗോ പ്രഖ്യാപിച്ചത്. മുതിർന്നവരുടെ ക്ഷേമത്തിനായി ഭക്ഷണം, ആരോഗ്യ സഹായം, മാനസിക പിന്തുണ എന്നിവ ഉൾപ്പെടുന്ന കാരുണ്യ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

യുവജനങ്ങളെ നല്ല മൂല്യങ്ങളിലേക്ക് നയിക്കുകയും അവരുടെ കഴിവുകൾ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന വിവിധ ബോധവൽക്കരണ, പ്രചോദന പരിപാടികളും ഈ വർഷം സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

സാമൂഹിക ഐക്യവും മാനവിക മൂല്യങ്ങളും ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളിലൂടെ പുതുവത്സരത്തെ അർത്ഥവത്താക്കുകയാണ് വാമോസ് അമിഗോയുടെ ലക്ഷ്യമെന്ന് സംഘടന നേതൃത്വം അറിയിച്ചു.

# യു.എസ്. പൗരന്മാരല്ലാത്തവർക്ക്, ഗ്രീൻ കാർഡ് ഉടമകൾ ഉൾപ്പെടെയുള്ളഎക്സിറ്റ് സംവിധാനം വിപുലീകരിച്ചു

**– അറ്റോർണി ലാൽ വർഗീസ്**

ഡാളസ്: ഡിസംബർ 26 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ കുടിയേറ്റ യാത്രാ നിയമത്തിന്റെ ഭാഗമായി, യു.എസ്. ആഭ്യന്തര സുരക്ഷാ വകുപ്പ് യു.എസ്. പൗരന്മാരല്ലാത്തവർക്ക്, ഗ്രീൻ കാർഡ് ഉടമകൾ ഉൾപ്പെടെ, ബാധകമായ ബയോമെട്രിക് എൻട്രിഎക്സിറ്റ് സംവിധാനം വിപുലീകരിച്ചു.


ഈ പുതിയ നിയമപ്രകാരം, യു.എസ്. കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ അമേരിക്കയിൽ പ്രവേശിക്കുമ്പോഴും പുറത്തുപോകുമ്പോഴും കൂടുതൽ ഏകീകൃതമായി ബയോമെട്രിക് വിവരങ്ങൾ, പ്രധാനമായും മുഖചിത്രം ഉൾപ്പെടെയുള്ള ഡാറ്റ ശേഖരിക്കും. മുൻപ് പ്രധാനമായും പ്രവേശന സമയത്ത് മാത്രം നടത്തിയിരുന്ന ബയോമെട്രിക് പരിശോധനയിൽ നിന്നുള്ള ഒരു മാറ്റമാണിത്.

ഈ നിയമം ഗ്രീൻ കാർഡ് ഉടമകൾക്കും, വിവിധ വിസകളിലുള്ളവർക്കും, അഭയാർത്ഥികൾക്കും, മറ്റ് യു.എസ്. പൗരന്മല്ലാത്തവർക്കും ബാധകമാണ്. സാധാരണയായി യു.എസ്. പൗരന്മാർക്ക് ഇത് ബാധകമല്ല. അതിർത്തി സുരക്ഷ ശക്തിപ്പെടുത്തുക, യാത്രക്കാരുടെ തിരിച്ചറിയൽ ഉറപ്പാക്കുക, രാജ്യത്ത് തുടരുന്ന കാലാവധി ലംഘനങ്ങളും വ്യാജപ്രവർത്തനങ്ങളും നിയന്ത്രിക്കുക എന്നിവയാണ് ഈ നിയമത്തിന്റെ ലക്ഷ്യമെന്ന് ഡിഎച്ച്എസ് വ്യക്തമാക്കി.

പുതിയ സംവിധാനം നടപ്പിലാകുന്ന ആദ്യഘട്ടങ്ങളിൽ, വിമാനത്താവളങ്ങളിലും മറ്റ് പ്രവേശനപുറത്തുപോകൽ കേന്ദ്രങ്ങളിലും അധിക പരിശോധനകൾ ഉണ്ടായേക്കാം. ബയോമെട്രിക് പരിശോധനയിൽ പങ്കെടുക്കുന്നത് നിർബന്ധമാണ്; പങ്കെടുക്കാൻ വിസമ്മതിക്കുന്നവർക്ക് താമസം, യാത്രാ വൈകിപ്പ്, അല്ലെങ്കിൽ ബോർഡിംഗ് നിഷേധം സംഭവിക്കാം.

ഈ നിയമം ഗ്രീൻ കാർഡ് ലഭ്യതയിലോ മറ്റ് കുടിയേറ്റ ആനുകൂല്യങ്ങളിലോ മാറ്റം വരുത്തുന്നില്ല, എന്നാൽ യു.എസ്. പൗരന്മല്ലാത്തവരുടെ അന്താരാഷ്ട്ര യാത്രാ നടപടികളിൽ മാറ്റം വരുത്തുന്നതാണ്.

# ലീലാ മാരേട്ട്ടീം എംപവർ പാനലിൽ ഫൊക്കാന നാഷണൽ കമ്മിറ്റി അംഗമായി തോമസ് ടി. സക്കറിയ മത്സരിക്കുന്നു



ന്യൂയോർക്ക് ട്രൈസ്റ്റേറ്റ് മേഖലയിലെ പ്രമുഖ ബിസിനസ് പ്രൊഫഷണലും സംഗീതപ്രതിഭയുമായ തോമസ് ടി. സക്കറിയ (സുജിത് മൂലയിൽ) 2026– 2028 കാലയളവിനുള്ള ഫൊക്കാന നാഷണൽ കമ്മിറ്റിയുടെ അംഗസ്ഥാനാർത്ഥിയായി, ലീലാ മാരേട്ടിന്റെ ടീം എംപവർപാനലിലൂടെ മത്സരിക്കുന്നു.

കോട്ടയംപത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി സ്വദേശിയായ തോമസ്, പ്രാഥമിക വിദ്യാഭ്യാസം തിരുവനന്തപുരം നഗരത്തിൽ പൂർത്തിയാക്കിയ ശേഷം മാതാപിതാക്കളുടെ ജോലിയുമായി ബന്ധപ്പെട്ട് കുവൈത്തിൽ താമസം മാറ്റി. 1990ലെ ഗൾഫ് യുദ്ധത്തിന് ശേഷം കുടുംബം അമേരിക്കയിലേക്ക് കുടിയേറി, അവിടെ തുടർവിദ്യാഭ്യാസവും പ്രൊഫഷണൽ പരിശീലനവും നേടി.

മൈക്രോസോഫ്റ്റ് സർട്ടിഫൈഡ് സിസ്റ്റംസ് എഞ്ചിനീയർ കൂടാതെ ഓഡിയോ എഞ്ചിനീയർ യോഗ്യതയും നേടിയ അദ്ദേഹം, റിയൽ എസ്റ്റേറ്റ്, ട്രാൻസ്പോർട്ടേഷൻ സർവീസസ്, മ്യൂസിക് പ്രൊഡക്ഷൻ തുടങ്ങിയ മേഖലകളിൽ സംരംഭകനായി സജീവമാണ്. സ്റ്റാർ ട്രാൻസ്പോർട്ടേഷൻ സർവീസ്, സ്വരസ്ഥാൻ പ്രൊഡക്ഷൻസ്, ന്യൂ മ്യൂസിക് പ്രൊഡക്ഷൻസ് ഇൻക് എന്നിവയുടെ സ്ഥാപകനാണ്.

കാർണാടക സംഗീതത്തിൽ ശാസ്ത്രീയ പരിശീലനം നേടിയ ഗായകനായ തോമസ്, വിവിധ ഭാഷകളിൽ ഗാനാലാപം നടത്തുകയും, അമേരിക്കയിലും ഇന്ത്യയിലും സാംസ്കാരിക വേദികളിൽ സജീവ സാന്നിധ്യം പുലർത്തുകയും ചെയ്തിട്ടുണ്ട്.

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ 2025 കമ്മിറ്റിയുടെ ജോയിന്റ് ട്രഷറർ, ന്യൂയോർക്ക് മലയാളി അസോസിയേഷൻ കമ്മിറ്റിയുടെ അംഗം (2025), കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്ക് ഓഡിറ്റർ (2026) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസുള്ള ഫിനാൻഷ്യൽ സർവീസസ് പ്രൊഫഷണലായ തോമസ്, ഇൻഡക്സ് വെൽത്ത് സൊ ലൂഷൻസ് ഇൻക് സ്ഥാപകനമാണ്.

ഭാര്യ ദേവികയോടും മകൾ അഞ്ജനയോടും ചേർന്ന് ന്യൂയോർക്കിലെ ഫ്ലോറൽ പാർക്കിലാണ് താമസം.

തോമസ് ടി. സക്കറിയ (സുജിത് മൂലയിൽ) ടീം എംപവർ പാനലിലൂടെ ഫൊക്കാന നാഷണൽ കമ്മിറ്റിയുടെ അംഗ സ്ഥാനാർത്ഥിയായി മത്സരിക്കുന്നത്, മികച്ച കഴിവുകളെ സമൂഹസേവനത്തിലേക്ക് കൊണ്ടുവരാനുള്ള ലീലാമാരേട്ടിന്റെ സാമൂഹിക പ്രതിബദ്ധതയെയാണ് ഉദ്ബോധിപ്പിക്കുന്നത്.

# സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ പള്ളിയും എക്സ്ചേഞ്ച് ക്ലബ്ബും കൈകോർക്കുന്നു



**– ഡോ. ജോർജ് എം. കാക്കനാട്**

ടെക്സാസ്: ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ പള്ളിയും പ്രമുഖ സേവന സംഘടനയായ എക്സ്ചേഞ്ച് ക്ലബ്ബും സംയുക്തമായി ജീവകാരുണ്യ പ്രവർത്തനം സംഘടിപ്പിച്ചു. പള്ളിയിലെ ഏഞ്ചൽ ട്രീമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നിർധനരായ കുട്ടികളെ സഹായിക്കുന്നതിനായി നടന്ന ചടങ്ങിൽ എക്സ്ചേഞ്ച് ക്ലബ് ഭാരവാഹികൾ അതിഥികളായെത്തി.

സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ പള്ളി വികാരി റവ.ഡോ.ബിന്നി ഫിലിപ്പ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ക്രിസ്മസ് എന്നത് ദൈവസ്നേഹം പ്രവൃത്തിയിലൂടെ പങ്കുവെക്കാനുള്ള അവസരമാണെന്ന് അദ്ദേഹം പറഞ്ഞു. എക്സ്ചേഞ്ച് ക്ലബ്ബുമായി സഹകരിക്കുന്നതിലൂടെ പ്രത്യാശയും പിന്തുണയും ആഗ്രഹിക്കുന്ന കുടുംബങ്ങളിലേക്കും കുട്ടികളിലേക്കും എത്താൻ സഭയ്ക്ക് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എക്സ്ചേഞ്ച് ക്ലബ് പ്രസിഡന്റ് ജൂലി ഫോർണിയർ മുഖ്യാതിഥിയായിരുന്നു. കുടുംബങ്ങളെ ശാക്തീകരിക്കുകയും കുട്ടികൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നതിലൂടെ മെച്ചപ്പെട്ട ഒരു സമൂഹം കെട്ടിപ്പടുക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ പറഞ്ഞു. സഭയുമായുള്ള ഈ പങ്കാളിത്തത്തിൽ തങ്ങൾ കൃതാർത്ഥരാണെന്നും ജൂലി ഫോർണിയർ വ്യക്തമാക്കി.

ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി സമാഹരിച്ച ഏകദേശം തൊണ്ണൂറോളം സമ്മാനപ്പൊതികളും സാമ്പത്തിക സഹായവും എക്സ്ചേഞ്ച് ക്ലബ്ബിന് ചടങ്ങിൽ കൈമാറി. കുട്ടികളുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ക്ലബ്ബിന്റെ വിവിധ പദ്ധതികൾക്കായി ഇവ വിനിയോഗിക്കും.

അലിറ്റ നെടുവേലിൽ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ഡയോസിഷൻ പാസ്റ്ററൽ കൗൺസിൽ അംഗവും എക്സ്ചേഞ്ച് ക്ലബ് അംഗവുമായ ഡോ. ജോർജ് കാക്കനാട്ട് അതിഥികളെ പരിചയപ്പെടുത്തുകയും സംഘടനയുടെ സാമൂഹിക സേവനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

സൺഡേ സ്കൂൾ പ്രിൻസിപ്പൽ സിബി തോമസ്, അധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടികൾ ഏകോപിപ്പിച്ചത്. വരും കാലങ്ങളിലും സന്നദ്ധസേവനം, യുവജന പങ്കാളിത്തം, സ്കോളർഷിപ്പുകൾ തുടങ്ങിയ മേഖലകളിൽ എക്സ്ചേഞ്ച് ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കാൻ സഭ ലക്ഷ്യമിടുന്നു. ക്രിസ്മസ് സന്ദേശം ഉൾക്കൊണ്ട് വിശ്വാസവും സാമൂഹിക സേവനവും ഒന്നിപ്പിക്കുന്ന ഒരു മികച്ച മാതൃകയായി ഈ സംഗമം മാറി.

# ഭദ്രാസനാധിപൻ അബ്രഹാം മാർ പൗലോസിനു ഡാളസിൽ ഊഷ്മള സ്വീകരണം



**– പി പി ചെറിയാൻ**

ഡാളസ്: സെഹിയോൻ മാർത്തോമ്മാ ഇടവക സന്ദർശനത്തിനായി എത്തിയ മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. അബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയ്ക്ക് ഡാളസ് ഫോർട്ട് വർത്ത് വിമാനത്താവളത്തിൽ ആവേശോജ്ജ്വലമായ സ്വീകരണം നൽകി.

ഇന്ന് വിമാനത്താവളത്തിൽ എത്തിയ തിരുമേനിയെ ഇടവക വികാരി റവ. റോബിൻ വർഗീസ്, മലയാളം ലേ ലീഡർ ഫിലിപ്പ് മാത്യു, വൈസ് പ്രസിഡന്റ് ജേക്കബ് ജോർജ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

28 ഞായറാഴ്ച രാവിലെ 9 മണിക്ക് സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും വചനശുശ്രൂഷയും നടക്കും. തിങ്കളാഴ്ച വരെ തിരുമേനി ഡാളസിൽ തുടരും. വിവിധ ഇടവകാംഗങ്ങളുമായും സഭാ സമിതികളുമായും അദ്ദേഹം ആശയവിനിമയം നടത്തും.

ഇടവകയുടെ ആത്മീയ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്ന തിരുമേനിയുടെ സന്ദർശനത്തിൽ വലിയ സന്തോഷത്തിലാണ് വിശ്വാസികൾ. ഞായറാഴ്ചത്തെ വിശുദ്ധ കുർബാനയിൽ എല്ലാ ഇടവകാംഗങ്ങളും പങ്കെടുക്കണമെന്ന് വികാരിയും കൈസ്ഥാന സമിതി അംഗങ്ങളും അറിയിച്ചു.

## ഹാട്രിക് നേട്ടവുമായി ഷിജിമോൻ ജേക്കബ്

**- ശങ്കരൻകുട്ടി, ഹൂസ്റ്റൻ**




ടെക്സസ്: ഹൂസ്റ്റണിലെ പ്രശസ്ത റിയൽറ്ററും കമ്മ്യൂണിറ്റി ഫിലാന്ത്രോപ്പിസ്റ്റുമായ ഷിജിമോൻ ജേക്കബ്, അഭിമാനകരമായ ജി.എച്.ബി.എ. പ്രിസം അവാർഡ് മൂന്നാം തവണയും നേടി ശ്രദ്ധേയമായ ഒരു നാഴികക്കല്ല് പിന്നിട്ടു. പ്രിസം അവാർഡ് ഹാട്രിക് നേടുന്ന ആദ്യമലയാളി എന്ന ചരിത്രം സൃഷ്ടിച്ചു.

ഗ്രേറ്റർ ഹൂസ്റ്റൺ ബിൽഡേഴ്സ് അസോസിയേഷൻ പ്രിസം അവാർഡുകൾ റിയൽ എസ്റ്റേറ്റ്, ഹോംബിൽഡിംഗ് വ്യവസായത്തിലെ ഏറ്റവും ആദരണീയമായ ബഹുമതികളിൽ ഒന്നാണ്, മികവ്, പ്രൊഫഷണലിസം, മേഖലയ്ക്കുള്ള മികച്ച സംഭാവന എന്നിവയെ ഇത് അംഗീകരിക്കുന്നു. രണ്ട് പ്രിസം അവാർഡുകളും ആദ്യ റണ്ണറപ്പ് ബഹുമതിയും സ്വന്തമാക്കിയാണ് ഷിജിമോൻ ജേക്കബ് ഈ മഹത്തായ വിജയം കൈവരിച്ചത്. ഹൂസ്റ്റൺ ഹോം ബിൽഡിംഗ് ഇൻഡസ്ട്രിയുടെ ഓസ്കർ അവാർഡുകൾഎന്നറിയപ്പെടുന്ന ഇ ഈ പുരസ്കാരം മൂന്നാമതും ലഭിച്ചു.

സുസ്ഥിരമായ മികവ്, വിശ്വാസം, നേതൃത്വം എന്നിവയുടെ തെളിവാണ്. റിയൽ എസ്റ്റേറ്റിലെ അസാധാരണമായ വിജയത്തിന് മാത്രമല്ല, സമൂഹസേവനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയ്ക്കും ഷിജിമോൻ ജേക്കബ് വ്യാപകമായി പ്രശംസിക്കപ്പെടുന്നു. സമർപ്പിതനായ ഒരു ചാരിറ്റി പ്രൊമോട്ടർ എന്ന നിലയിൽ, ഹ്യൂസ്റ്റണിലുടനീളമുള്ള നിരവധി സാമൂഹിക, സാംസ്കാരിക, മാനുഷിക സംരംഭങ്ങളെ അദ്ദേഹം സ്ഥിരമായി പിന്തുണച്ചിട്ടുണ്ട്.

ബിസിനസ്സ് ലോകത്തിനപ്പുറം ബഹുമാനം നേടി. സഹപ്രവർത്തകരും സമൂഹ നേതാക്കളും അദ്ദേഹത്തിന്റെ സത്യസന്ധത, ക്ലയന്റ് കേന്ദ്രീകൃത സമീപനം, സമൂഹത്തിന് തിരികെ നൽകാനുള്ള അഭിനിവേശം എന്നിവയ്ക്ക് അദ്ദേഹത്തെ പ്രശംസിക്കുന്നു. മലയാളി സമൂഹത്തിന് അഭിമാനകരമായ നിമിഷമായും ലോകമെമ്പാടുമുള്ള പ്രൊഫഷണലുകൾക്ക് പ്രചോദനമായും അദ്ദേഹത്തിന്റെ നേട്ടം ആഘോഷിക്കപ്പെടുന്നു.

ഷിജിമോൻ ജേക്കബിന്റെ അശ്രാന്ത സമർപ്പണം, ധാർമ്മിക മൂല്യങ്ങൾ, പ്രൊഫഷണൽ വിജയത്തെ സാമൂഹിക ഉത്തരവാദിത്തവുമായി സംയോജിപ്പിക്കാനുള്ള കഴിവ് എന്നിവ ഈ ചരിത്രപരമായ ഹാട്രിക് പ്രതിഫലിപ്പിക്കുന്നുവെന്ന് ചടങ്ങിൽ സംസാരിച്ച അഭ്യുദയകാംക്ഷികൾ എടുത്തുപറഞ്ഞു.

ജി.എച്.ബി.എ പ്രിസംഹാട്രിക് അവാർഡ് വ്യക്തിഗത മികവിനെ അംഗീകരിക്കുക മാത്രമല്ല, ഹൂസ്റ്റണിന്റെ റിയൽ എസ്റ്റേറ്റ് വ്യവസായത്തിലും സമൂഹ വികസനത്തിലും ഷിജിമോൻ ജേക്കബിന്റെ നിലനിൽക്കുന്ന സ്വാധീനം അടിവരയിടുകയും ചെയ്യുന്നു. ദർശനം, കഠിനാധ്വാനം, അനുകമ്പ എന്നിവ ഒരുമിച്ച് ഒരു ശാശ്വത പാരമ്പര്യം എങ്ങനെ കെട്ടിപ്പടുക്കുമെന്നതിന്റെ ശക്തമായ ഉദാഹരണമായി അദ്ദേഹത്തിന്റെ യാത്ര തുടരുന്നു.

## ആന്റണി മാത്യു ഫൊക്കാന നാഷണൽ കമ്മറ്റി മെമ്പറായി മത്സരിക്കുന്നു

**- ജോയിച്ചൻ പുതുക്കുളം**



അമേരിക്കയിലും കേരളത്തിലും നിരവധി കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിവരുന്ന ആന്റണി മാത്യു ഫൊക്കാന നാഷണൽ കമ്മറ്റി മെമ്പറായി മത്സരിക്കുന്നു.

അമേരിക്കയിൽ ന്യൂയോർക്ക് പൂജ, ഉത്സവ് സ്പോൺസേർഡ് മ്യൂസിക് പ്രോഗ്രാം എന്നിവയിൽ പ്രവർത്തിച്ചു. ന്യൂയോർക്കിലെ ലിംകയുടെ മെമ്പർ ആയും ഇപ്പോൾ ഫ്ളോറിഡയിലെ ഓർമ്മ ലൈഫ് മെമ്പറായും പ്രവത്തിച്ചു വരുന്നു. കേരളത്തിൽ പൂജ റെക്കോർഡിംഗ് സ്റ്റുഡിയോ, പൂന ഫിലിം പൊഡ്രക്ഷൻ, പൂജ ഡ്രാമ സമിതി, പൂജ കലാ സാംസ്കാരിക വേദിയും നടത്തിവരുന്നു. കൂടാതെ പന്ത്രണ്ട് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

## കാൻജ് ക്രിസ്മസ് ആഘോഷവും ജനറൽ ബോഡിയും നടന്നു



**- ജോസഫ് ഇടിക്കുള**

ന്യൂജേഴ്സി: മഞ്ഞുതുള്ളികൾ പോലെ സന്തോഷം പടർന്നൊഴുകുന്ന ക്രിസ്മസ് കാലത്ത്, കരോളുകളുടെ മധുരസ്വരങ്ങളും ഐക്യത്തിന്റെ സന്ദേശവും ഒന്നിച്ചുചേർന്ന മനോഹരമായ സന്ധ്യയായി കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ ക്രിസ്മസ് ആഘോഷം മാറി. ജിംഗിൾ ബെൽസ് എന്ന പേരിൽ ഡിസംബർ 6ന് സോമർസെറ്റിലെ ടാഗോർ ഹാളിൽ സംഘടിപ്പിച്ച പരിപാടി സ്നേഹവും സൗഹൃദവും പങ്കുവെച്ച ഓർമകളാൽ സമ്പന്നമായി.

കാൻജ് പ്രസിഡന്റ് സോഫിയ മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന സംഘടനാ പ്രവർത്തനങ്ങളുടെ അവലോകനവും നടന്നു. ഏകദേശം 40ലധികം വിജയകരമായ പരിപാടികളോടെ ഉജ്ജ്വലമായ ഒരു വർഷമാണ് കാൻജ് പിന്നിട്ടത്.

ചെറിയ കുട്ടികൾക്കായി ലിറ്റിൽ സ്റ്റാർ റീഡിംഗ് ക്ലബ്, യുവജനതയ്ക്ക് വേണ്ടി കാൻജ് യുവ, വനിതകളുടെ കൂട്ടായ്മയായി കാൻജ് വിമൻസ് ഫോറം, ഐടി മേഖലയിൽ പുതിയ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കാൻജ് ഐടി അക്കാദമി എന്നിവയിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സ്പർശിച്ചുകൊണ്ടുള്ള പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ടാണ് കടന്നു പോയത്.

2025ലെ കമ്മിറ്റി അംഗങ്ങൾ ആയ സോഫിയ മാത്യു (പ്രസിഡന്റ്), കുർഷിദ് ബഷീർ (സെക്രട്ടറി), ജോർജി സാമുവൽ (ട്രഷറർ), വിജയ് നമ്പ്യാർ (വൈസ് പ്രസിഡന്റ്), ദയ ശ്യാം (ജോയിന്റ് സെക്രട്ടറി), കൃഷ്ണ പ്രസാദ് (ജോയിന്റ് ട്രഷറർ),സൂരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്സ്), അസ്ലം ഹമീദ് (സ്പോർട്സ് അഫയേഴ്സ് ), നിധിൻ ജോയ് ആലപ്പാട്ട് (ഐ ടി ഓഫീസർ), അനൂപ് മാത്യൂസ് രാജു (മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ), ജയകൃഷ്ണൻ എം മേനോൻ (ചാരിറ്റി അഫയേഴ്സ്), ടോണി മാങ്ങൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ്), രേഖ നായർ (യൂത്ത് അഫയേഴ്സ്), ബിജു വർഗീസ് (എക്സ് ഓഫീഷ്യോ) എന്നിവർ നേതൃത്വം നൽകി.

ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി വിവിധ സാംസ്കാരിക പരിപാടികളും അരങ്ങേറി. ടീം ഡിഎച്ഒ അവതരിപ്പിച്ച സംഗീത സായാഹ്നം ആഘോഷങ്ങൾക്ക് പ്രത്യേക മോടി കൂട്ടി. കുട്ടികളുടെയും മുതിർന്നവരുടെയും സജീവ പങ്കാളിത്തം പരിപാടികൾക്ക് അധിക ഊർജവും ഉത്സാഹവും നൽകി. ഐക്യവും സേവനവും സംസ്കാര പാരമ്പര്യവും പ്രതിഫലിപ്പിക്കുന്ന തരത്തിലായിരുന്നു ഈ സംഗമം.

അതേ ദിവസം തന്നെ ഈ വർഷത്തെ ജനറൽ ബോഡി യോഗവും നടന്നു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ദിശ നിർദ്ദേശം നൽകുന്ന യോഗത്തിൽ, ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ സ്വപ്ന രാജേഷിന്റെയും ജോസഫ് ഇടിക്കുള, വിജേഷ് കാരാട്ട് തുടങ്ങിയവർ അംഗങ്ങളായ ഇലക്ഷൻ കമ്മീഷന്റെയും നേതൃത്വത്തിൽ 2026 വർഷത്തേക്കുള്ള പുതിയ കമ്മിറ്റി തിരഞ്ഞെടുപ്പ് നടത്തി. അംഗങ്ങളുടെ ഏകകണ്ഠ പിന്തുണയോടെ വിജയ് നമ്പ്യാർ പ്രസിഡന്റായും, ജോർജി സാമുവൽ സെക്രട്ടറിയായും, കുർഷിദ് ബഷീർ ട്രഷററായും, ടോം നെറ്റിക്കാടൻ വൈസ് പ്രസിഡന്റ് ആയും തിരഞ്ഞെടുക്കപ്പെട്ടു.

തുടർന്ന് നിയുക്ത പ്രസിഡന്റ് വിജയ് നമ്പ്യാർ കാൻജ് ജനറൽ ബോഡിയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു. കാൻജിന്റെ 2026 ലെ കമ്മറ്റിയുടെ പ്രസിഡന്റായി തന്നെ തിരഞ്ഞെടുത്തതിൽ നന്ദിയും കടപ്പാടും അറിയിച്ചു. നാല്പതിലധികം പരിപാടികൾ ഒരു ടേമിൽ നടത്തപ്പെട്ട ഒരു വർഷമായിരുന്നു ഇത്. സോഫിയ മാത്യുവിന്റെ നേതൃത്വത്തിൽ ഉള്ള ഈ കമ്മറ്റിറ്റിയുടെ ഭാഗമാകുവാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും വരുന്ന ടേമിൽ കൂടുതൽ നല്ല പ്രവർത്തനങ്ങളുമായി നിങ്ങളോടൊപ്പമുണ്ടാകുമെന്നും നിങ്ങളേവരുടെയും സഹകരണം എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാവണമെന്നും വിജയ് നമ്പ്യാർ അറിയിച്ചു.

സ്നേഹവും സന്തോഷവും പങ്കുവെച്ചുകൊണ്ട്, സംഘടനയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കിയ ഈ ക്രിസ്മസ് ആഘോഷവും ജനറൽ ബോഡി യോഗവും വിജയകരമായി സമാപിച്ചു.



*മെസ്കിറ്റിലെ സെന്റ് പോൾസ് മാർത്തോമാ ചർച്ചിൽ ഇടവക വികാരി റവ റജിൻ രാജു നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ സിറ്റി മേയർ, പോലീസ് ഓഫിസർമാർ എന്നിവർ ഉൾപ്പെടുന്ന ഔദ്യോഗിക ചുമതലക്കാർക്ക് സേവന പ്രവർത്തനങ്ങൾക്കായുള്ള ചെക്കുകൾ ട്രസ്റ്റിമാരായ ജോൺ മാത്യു, സക്കറിയാ തോമസ് എന്നിവർ കൈമാറുന്നു.*

## കാനഡയിൽ ഇന്ത്യൻ വംശജ കൊല്ലപ്പെട്ടു; പ്രതിക്കായി തിരച്ചിൽ ഊർജിതമാക്കി പൊലീസ്

ടൊറന്റോ: കാനഡയിലെ ടൊറന്റോയിൽ ഇന്ത്യൻ വംശജയായ മുപ്പതുകാരിയെ വീടിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. ടൊറന്റോ സ്വദേശിയായ ഹിമാൻഷി ഖുറാന (30) യാണ് മരിച്ചത്. സംഭവവുമായി ബന്ധപ്പെട്ട് ഹിമാൻഷിയുടെ പങ്കാളിയെന്ന് സംശയിക്കുന്നയാൾക്കെതിരെ പൊലീസ് രാജ്യം മുഴുവൻ തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാനഡ വൈഡ് അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചു.

ഡിസംബർ 19 വെള്ളിയാഴ്ച രാത്രി പത്തരയോടെയാണ് ഹിമാൻഷിയെ കാണാനില്ലെന്ന പരാതി പൊലീസിന് ലഭിക്കുന്നത്. തുടർന്ന് സ്ട്രാചൻ അവന്യൂ, വെല്ലിങ്ടൺ സ്ട്രീറ്റ് വെസ്റ്റ് മേഖലകളിൽ പൊലീസ് രാത്രി മുഴുവൻ തിരച്ചിൽ നടത്തി. എന്നാൽ ശനിയാഴ്ച പുലർച്ചെ ആറരയോടെ വീടിനുള്ളിൽ ഹിമാൻഷിയെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഇത് കൊലപാതകമാണെന്ന് പൊലീസ് സ്ഥിരീകരിച്ചു.

ഹിമാൻഷിയും പ്രതിയെന്ന് സംശയിക്കുന്നയാളും നേരത്തെ പരിചയമുള്ളവരാണെന്നും, ഇത് ഇന്റിമേറ്റ് പാർട്ണർ വയലൻസ്ആണെന്നും ടൊറന്റോ പൊലീസ് അറിയിച്ചു. പ്രതിക്കെതിരെ ആസൂത്രിതമായ കൊലപാതക കുറ്റമാണ് ചുമത്തിയിരിക്കുന്നത്. കുറ്റം തെളിയിക്കപ്പെട്ടാൽ പരോളില്ലാത്ത ജീവപര്യന്തം ശിക്ഷ വരെ ഇയാൾക്ക് ലഭിച്ചേക്കാം. കൊല്ലപ്പെട്ട ഹിമാൻഷി ഖുറാന ടൊറന്റോ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു ഡിജിറ്റൽ ക്രിയേറ്ററാണെന്നാണ് ലഭിക്കുന്ന വിവരം.

## ന്യൂയോർക്ക് ടൈംസിന്റെ മികച്ച പുസ്തകങ്ങൾ: കിരൺ ദേശായിയും അരുന്ധതി റോയിയും പട്ടികയിൽ




ന്യൂയോർക്ക്: ലോകപ്രശസ്ത പത്രമായ ന്യൂയോർക്ക് ടൈംസ് പുറത്തുവിട്ട ഈ വർഷത്തെ മികച്ച പത്ത് പുസ്തകങ്ങളുടെ പട്ടികയിൽ രണ്ട് ഇന്ത്യൻ എഴുത്തുകാർ ഇടംപിടിച്ചു. ഫിക്ഷൻ വിഭാഗത്തിൽ കിരൺ ദേശായിയും നോൺഫിക്ഷൻ വിഭാഗത്തിൽ അരുന്ധതി റോയിയുമാണ് ഈ നേട്ടം കൈവരിച്ചത്.

ബുക്കർ സമ്മാന ജേതാവായ കിരൺ ദേശായിയുടെ ദ് ലോൺലിനസ് ഓഫ് സോണിയ ആന്റ് സണ്ണി എന്ന നോവൽ ഏറെക്കാലത്തിന് ശേഷമുള്ള അവരുടെ ശക്തമായ തിരിച്ചുവരവാണ്. 1996നും 2002നും ഇടയിൽ നടക്കുന്ന രണ്ട് ഇന്ത്യൻ കുടിയേറ്റക്കാരുടെ കഥ പറയുന്ന ഈ കൃതി, ഏകാന്തതയുടെയും പ്രണയത്തിന്റെയും വ്യത്യസ്ത തലങ്ങളെ ആഴത്തിൽ ആവിഷ്കരിക്കുന്നു.

അരുന്ധതി റോയിയുടെ മദർ കംസ് ടു മീ ആദ്യത്തെ ഓർമ്മക്കുറിപ്പാണിത്. അന്തരിച്ച തന്റെ മാതാവ് മേരി റോയിയുമായുള്ള സങ്കീർണ്ണവും തീക്ഷ്ണവുമായ ബന്ധത്തെക്കുറിച്ചാണ് ഇതിൽ പ്രതിപാദിക്കുന്നത്. തന്റെ അഭയവും കൊടുങ്കാറ്റുമായിരുന്നു അമ്മ എന്ന് വിശേഷിപ്പിക്കുന്ന ഈ പുസ്തകം വൈകാരികമായ സത്യസന്ധത കൊണ്ട് ശ്രദ്ധേയമാണ്.

ന്യൂയോർക്ക് ടൈംസ് എഡിറ്റർമാർ തിരഞ്ഞെടുക്കുന്ന മികച്ച അഞ്ച് ഫിക്ഷൻ, അഞ്ച് നോൺഫിക്ഷൻ പുസ്തകങ്ങളുടെ പട്ടിക ആഗോള സാഹിത്യരംഗത്ത് വളരെ സ്വാധീനമുള്ള ഒന്നാണ്. ഇതിൽ രണ്ട് ഇന്ത്യൻ വംശജർ ഉൾപ്പെട്ടു എന്നത് അഭിമാനകരമായ നേട്ടമായി വിലയിരുത്തപ്പെടുന്നു.

3 January- **Savitribai Phule Jayanti**

3 January marks Savitribai Phule Jayanti, honoring the birth anniversary of India's first woman teacher and a pioneer of women's education.

3 January- **Mahayana New Year**

Buddhists all over the world will celebrate Mahayana New Year on January 3 of this year. Various Buddhist philosophies and ideologies are referred to as Mahayana. One of Buddhism's two main branches, Mahayana is primarily practiced in North-east Asia. Tibet, Taiwan, Mongolia, China, Japan, Korea, and Taiwan. Mahayana Buddhism is practiced according to cus-toms and traditions unique to each region.

# ഹൂസ്റ്റണിൽ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു



**– അജു വാരിക്കാട്**

ഹൂസ്റ്റൺ: ഹൂസ്റ്റണിലെ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്ക് ഔദ്യോഗിക തുടക്കം കുറിച്ചുകൊണ്ട് മലയാളി അസോസിയേഷൻ ഓഫ് സിയന്ന സംഘടിപ്പിച്ച ആഘോഷപരിപാടികൾ വർണ്ണാഭമായി. 20ന് സെന്റ് ജയിംസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് സിയന്ന നിവാസികളുടെയും വിശിഷ്ടാതിഥികളുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം വിളിച്ചോതിയ പരിപാടി സിയന്നയിലെ മലയാളി സമൂഹത്തിന്റെ കരുത്ത് തെളിയിക്കുന്നതായിരുന്നു.

കമ്മിറ്റി അംഗം ജോളി മ്യാലിൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ, സിയന്നയുടെ ജനപ്രതിനിധികളായ മേയർ റോബിൻ ഇലക്കാട്ട്, മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ.പി. ജോർജ്, ഫോർട്ട്ബെൻഡ് കൗണ്ടി കോർട്ട് ജഡ്ജി സുരേന്ദ്രൻ കെ. പട്ടേൽ, ജഡ്ജ് ജൂലി മാത്യു, ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ എന്നിവർ ചേർന്ന് കേക്ക് മുറിച്ച് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. സിയന്നയിലെ മലയാളി സമൂഹം നടത്തുന്ന മാതൃകാപരമായ സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങളെ പ്രശംസിച്ച നേതാക്കൾ, അസോസിയേഷൻ വിഭാവനം ചെയ്യുന്ന കാരുണ്യ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തു.

ചടങ്ങിൽ ഫാ. പ്രകാശ് മാത്യു ക്രിസ്തുമസ് സന്ദേശം നൽകി. സഹജീവികളോടുള്ള സ്നേഹവും കരുതലും പങ്കുവെക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ അദ്ദേഹത്തിന്റെ സന്ദേശം സദസ്സിന് നവ്യാനുഭവമായി. തുടർന്ന്, നടപ്പിലാക്കുന്ന കാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവി പദ്ധതികളെക്കുറിച്ചും കമ്മിറ്റി അംഗം സുനോജ് വിശദീകരിച്ചു. സമൂഹത്തിന്റെ നാനാതുറകളിലുള്ളവരെ ഉൾക്കൊള്ളുന്ന സേവന പ്രവർത്തനങ്ങളിലൂടെ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം വ്യക്തമാക്കി. ചാരിറ്റി പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം മേയർ റോബിൻ ഇലക്കാട്ട് നിർവ്വഹിച്ചു. അസോസിയേഷൻ അംഗം ലതീഷ് കൃഷ്ണനിൽ നിന്നും ആദ്യ സംഭാവന ഏറ്റുവാങ്ങിയായിരുന്നു ഉദ്ഘാടനം.

വിവിധ കലാപരിപാടികളും സംഗീതനൃത്ത വിരുന്നും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. കുട്ടികളും മുതിർന്നവരും ഒരേപോലെ പങ്കെടുത്ത പരിപാടികൾ ക്രിസ്തുമസ് പുതുവത്സരത്തിന്റെ സന്തോഷം പകർന്നു നൽകുന്നതായിരുന്നു. ചടങ്ങ് കമ്മിറ്റി അംഗം മോനിഷിന്റെ നന്ദി പ്രകാശനത്തോടെ സമാപിച്ചു.

## വേൾഡ് മലയാളി കൗൺസിൽ സംഗമം ഹൂസ്റ്റണിൽ

### മേയർ റോബിൻ ഇലക്കാട്ടിന് ഗ്ലോബൽ സിറ്റിസൺ അവാർഡ്




ടെക്സാസ്: വേൾഡ് മലയാളി കൗൺസിൽ പുതുവത്സരാഘോഷത്തിന്റെ ഭാഗമായി സ്നേഹപൂർവ്വം 2026 വേൾഡ് മലയാളി കൗൺസിൽ സംഗമം ജനുവരി 4ന് വൈകിട്ട് 5ന് ടെക്സാസിലെ സ്റ്റാഫോർഡ് ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിക്കുന്നു.

മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടിന് ഗ്ലോബൽ സിറ്റിസൺ അവാർഡ് സമ്മാനിക്കും. സമൂഹസേവന രംഗത്തെ അദ്ദേഹത്തിന്റെ ഉന്നത സംഭാവനകളെ ആദരിക്കുന്നതിനായാണ് ഈ പുരസ്കാരം.

വേൾഡ് മലയാളി കൗൺസിലിന്റെ ആഗോള നേതാക്കൾക്ക് പ്രത്യേക സ്വീകരണ ചടങ്ങും സംഘടിപ്പിക്കുന്നുണ്ട്. ഗ്ലോബൽ ചെയർ തോമസ് മൊട്ടക്കൽ, ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, റീജിയൻ പ്രസിഡന്റ് ബ്ലെസൺ മണ്ണിൽ എന്നിവർക്കാണ് സ്വീകരണം.

ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ.പി. ജോർജ്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി കോടതി ജഡ്ജി സുരേന്ദ്രൻ പട്ടേൽ, ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവർ പങ്കെടുക്കും.

4 January - **World Braille Day**

In remembrance of the birth of Louis Braille, the inventor of Braille, January 4 is marked as World Braille Day. The day also recognizes that people with visual impairments should have the same access to human rights as everyone else.

## ഐപിസി ഈസ്റ്റേൺ റീജിയൻ പുതിയ ഭരണസമിതി നിലവിൽ വന്നു

– രാജൻ ആര്യപ്പള്ളിൽ



ന്യൂയോർക്ക്: 22ന് ചൊവ്വാഴ്ച വൈകിട്ട് ഐപിസി ചർച്ച് ക്വീൻസ് വില്ലെജിൽ നടന്ന ഐപിസി ഈസ്റ്റേ റീജിയന്റെ പൊതുയോഗത്തിൽ 2026-2028 കാലഘട്ടത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇന്ത്യാ പെന്തക്കോസ്തൽ ഫെലോഷിപ്പ്, റോക്ക്ലാന്റ് സഭയുടെ സീനിയർ ശുശ്രൂഷകനും റീജിയൻ പ്രസിഡന്റുമായ പാസ്റ്റർ ജോസഫ് വില്യംസിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നു.

ന്യൂയോർക്ക് പെന്തക്കോസ്ത് അസംബ്ലിയുടെ സീനിയർ ശുശ്രൂഷകൻ റവ.ഡോ. ഇട്ടി ഏബ്രഹാം (പ്രസിഡന്റ്), ഇന്ത്യാ പെന്തക്കോസ്ത് ചർച്ച്, ക്വീൻസ് വില്ലേജ് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് ജോർജ് (വൈസ് പ്രസിഡന്റ്), ഐപിസി ബെഥേൽ വർഷിപ്പ് സെന്റർ, യോങ്കേഴ്സ് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജോസ ഏബ്രഹാം (സെക്രട്ടറി), ശാലേം ഐപിസി, ന്യൂജേഴ്സി അംഗം, ബ്രദർ ബ്ലെസൻ ജോയ് (ജോയിന്റ് സെക്രട്ടറി), ശാലേം പെന്തക്കോസ്ത് ടാബർനാക്കിൾ, ന്യൂയോർക്ക് അംഗം, ബ്രദർ ജോസ് ബേബി (ട്രഷറാർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

ഈസ്റ്റേൺ റീജിയന്റെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ശുശ്രൂഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 45 അംഗ റീജിണൽ കൗൺസിലിനെ ഉൾപ്പെടുത്തി പ്രവർത്തിക്കുവാനും പൊതുയോഗം അംഗീകാരം നൽകി.

അമേരിക്കയുടെ കിഴക്കൻ സംസ്ഥാനങ്ങളിലെ ഐപിസി സഭകളുടെ കൂട്ടായ്മയായ ഐപിസി ഈസ്റ്റേൺ റീജിയൻ, ആരാധന, ശിഷ്യത്വപരിശീലനം, നേതൃവികസനം, സമൂഹസേവനം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽ വേനിയ, ഡെലവെയർ, മേരിലാൻഡ്, മാസച്ചുസെറ്റ്സ്, വാഷിംഗ്ടൺ ഡി.സി എന്നീ സംസ്ഥാനങ്ങളിലൂടെനീളം സഭകളെ ശക്തിപ്പെടുത്തുതിനായി വിവിധ പരിപാടികളും സമ്മേളനങ്ങളും നടത്തുമെന്ന് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഡോ. ഇട്ടി ഏബ്രഹാം അറിയിച്ചു.

## വിമാനയാത്രയ്ക്ക് റിയൽ ഐഡി നിർബന്ധം; ഇല്ലാത്തവർക്ക് പിഴ ഫെബ്രുവരി 1 മുതൽ

– അറ്റോർണി ലാൽ വർഗീസ്

വാഷിംഗ്ടൺ ഡി സി: അമേരിക്കയിൽ വിമാനയാത്ര നടത്തുന്നവർക്ക് പുതിയ തിരിച്ചറിയൽ നിയമങ്ങളുമായി ഗതാഗത സുരക്ഷാ ഏജൻസി.

2026 ഫെബ്രുവരി 1 മുതൽ നിലവിൽ വരുന്ന ഈ മാറ്റം യാത്രക്കാർക്ക് വലിയ സാമ്പത്തിക ബാധ്യതയും സമയനഷ്ടവും ഉണ്ടാക്കിയേക്കാം.

റിയൽ ഐഡിയോ മറ്റ് അംഗീകൃത രേഖകളോ ഇല്ലാത്ത യാത്രക്കാർ വിമാനത്താവളത്തിൽ തിരിച്ചറിയൽ പരിശോധനയ്ക്കായി 45 ഡോളർ ഫീസ് നൽകേണ്ടി വരും.

ടി.എസ്.എ ഇല്ലാത്തവർക്ക് യാത്ര തുടരണമെങ്കിൽ പ്രത്യേക സുരക്ഷാ പരിശോധനയിലൂടെ കടന്നുപോകണം. ഈ പരിശോധനയ്ക്ക് കൂടുതൽ സമയമെടുക്കുമെന്നതിനാൽ വിമാനത്താവളത്തിൽ വലിയ തിരക്കിനും യാത്രാ തടസ്സത്തിനും സാധ്യതയുണ്ട്. 2025 മേയ് 7 മുതൽ റിയൽ ഐഡി നിയമം കർശനമാക്കു മെങ്കിലും, പിഴയോടു കൂടിയുള്ള പരിശോധന 2026 ഫെബ്രുവരി മുതലാണ് ആരംഭിക്കുന്നത്.

റിയൽ ഐഡി ഡ്രൈവിംഗ് ലൈസൻസ്, യു.എസ്. പാസ്പോർട്ട്, ഗ്രീൻ കാർഡ്, വിദേശ പാസ്പോർട്ടുകൾ തുടങ്ങിയവ കൈവശമുള്ളവർക്ക് ഈ ഫീസ് ബാധകമല്ല. എന്നാൽ താൽക്കാലിക ഡ്രൈവിംഗ് ലൈസൻസുകൾ സ്വീകരിക്കില്ല.

അധിക സുരക്ഷാ പരിശോധനയ്ക്കുള്ള ചെലവ് സാധാരണ നികുതിദായകരിൽ നിന്ന് മാറ്റി, നിയമം പാലിക്കാത്ത യാത്രക്കാരിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. യാത്രക്കാർ എത്രയും വേഗം തങ്ങളുടെ ഐഡികൾ പുതുക്കണമെന്നും യാത്രാ വൈകലുകൾ ഒഴിവാക്കാൻ റിയൽ ഐഡി സ്വന്തമാക്കണമെന്നും ടി.എസ്.എ അറിയിച്ചു.

5 January- **National Birds Day**

On January 5, National Bird Day is celebrated to raise awareness of the value of tiny tweets in the ecosystem. The Avian Welfare Coalition, which works hard to promote awareness for birds that are captured or produced in captivity for either financial gain or for human amusement, is behind this initiative.

## സീറോ മലബാർ സിൽവർ ജൂബിലി കൺവെൻഷൻ ടീം മിനസോട്ടയിൽ മാർ ആലപ്പാട്ട് കിക്കോഫ് നിർവ്വഹിച്ചു



– ബീനാ വള്ളിക്കളം

ചിക്കാഗോ: ഇന്ത്യയ്ക്ക് പുറത്ത് സീറോ മലബാർ സഭയ്ക്ക് ആദ്യമായി ലഭിച്ച രൂപതയായ ചിക്കാഗോ സീറോ മലബാർ രൂപതയുടെ രൂപീകരണത്തിന് 25 വർഷം പൂർത്തിയാകുന്ന ഈ ചരിത്രമൂല്യമേറിയ അവസരത്തിൽ, ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയായി സംഘടിപ്പിക്കുന്ന മഹത്തായ സിൽവർ ജൂബിലി കൺവെൻഷന്റെ ഔദ്യോഗിക കിക്കോഫ് 21ന് മിനിയാപോളിസ്, മിനസോട്ടയിൽ സ്ഥിതിചെയ്യുന്ന സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തലിക് പള്ളിയിൽ ആത്മീയ ഉണർവോടെയും ആഘോഷപൂർവ്വമായ അന്തരീക്ഷത്തോടെയും നടന്നു. രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിന്റെ നേതൃത്വത്തിലായിരുന്നു കിക്കോഫ് ചടങ്ങുകൾ.

രൂപതാധ്യക്ഷനെയും ജൂബിലി കൺവെൻഷൻ ചെയർമാൻ ജോസ് ചാമക്കാലയെയും സെന്റ് അൽഫോൻസാ ഇടവക വികാരി ഫാ. റോബിൻ ചാക്കോയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങളും ഇടവക ഭാരവാഹികളും ചേർന്ന് അതീവ സ്നേഹപൂർവ്വവും ഊഷ്മളവുമായ സ്വീകരണം നൽകി. ഇടവക ട്രസ്റ്റികളായ സന്തോഷ് ജെയിംസ്, ജോ മണവാളൻ, ജോജി ജോസ്, ഏബിൾ മാത്യു എന്നിവർ സ്വീകരണ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ജൂബിലി ഇടവക പ്രതിനിധികളായ ടോം വർഗീസ്, ബിജു ആൻഡ്രൂസ്, ജാക്സി ജൈജു, ജിൻസ് ജോസഫ് എന്നിവർ കിക്കോഫ് പരിപാടികളുടെ ക്രമീകരണങ്ങളിലും അവതരണങ്ങളിലും സജീവമായി പങ്കാളികളായി.

കിക്കോഫ് സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ മുഖ്യ സന്ദേശത്തിൽ മാർ ജോയ് ആലപ്പാട്ട്, സീറോ മലബാർ സഭയുടെ അമേരിക്കയിലെ വളർച്ചയും ദൗത്യപരമായ മുന്നേറ്റവും ഓർമിപ്പിച്ചു. വിശ്വാസ സംരക്ഷണം, കുടുംബ മൂല്യങ്ങൾ, യുവജനങ്ങളുടെ പങ്കാളിത്തം, സഭാ ഐക്യം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള അപൂർവ അവസരമാണ് ഈ സിൽവർ ജൂബിലി കൺവെൻഷനെന്ന് അദ്ദേഹം വിശദീകരിച്ചു. വിശ്വാസവും അറിവും സൗഹൃദവും പങ്കുവയ്ക്കുന്ന ഒരു അനുഗ്രഹീത വേദിയായി ഈ കൺവെൻഷനെ കാണണമെന്നും, പ്രത്യേകിച്ച് യുവജനങ്ങളെയും പുതുതലമുറയെയും ഇതിലേക്ക് ആകർഷിക്കേണ്ടത് സഭയുടെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.


തുടർന്ന് ജൂബിലി ചെയർമാൻ ജോസ് ചാമക്കാല, കൺവെൻഷന്റെ ദർശനം, ലക്ഷ്യങ്ങൾ, രജിസ്ട്രേഷൻ സംവിധാനങ്ങൾ, സ്പോൺസർഷിപ്പ് സാധ്യതകൾ, വിവിധ സെഷനുകളുടെയും പരിപാടികളുടെയും ഘടന എന്നിവ വിശദമായി അവതരിപ്പിച്ചു. ഈ മഹാകൺവെൻഷനോടനുബന്ധിച്ച് രൂപതയുടെ പ്രഥമ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നുവെന്നത് ഈ സമ്മേളനത്തിന്റെ പ്രത്യേക ആകർഷണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ ഏറ്റവും വലിയ ആത്മീയസാംസ്കാരിക സംഗമമായ ഈ സിൽവർ ജൂബിലി കൺവെൻഷനിൽ പങ്കാളികളാകുവാൻ ഏവരെയും കൺവെൻഷൻ ടീം ഹൃദയപൂർവ്വം ക്ഷണിച്ചു. മിനിയാപോളിസ് സെന്റ് അൽഫോൻസാ പള്ളിയിലെ വികാരിയുടെയും ട്രസ്റ്റികളുടെയും ഇടവകാംഗങ്ങളുടെയും സ്നേഹപൂർവ്വമായ സ്വീകരണത്തിനും സമഗ്ര സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേക നന്ദി രേഖപ്പെടുത്തി.

കൺവൻഷന്റെ വിവരങ്ങൾക്കും രജിസ്ട്രേഷനും

**www. Syroconvention.org**

## എഡ്മിന്റണിൽ കാതോരം ലൈവ് ഇൻ കോൺസർട്ട് വിജയകരമായി അരങ്ങേറി



– ജോസഫ് ജോൺ കാൽഗറി

എഡ്മിന്റൻ: വൈറ്റ് ഔൾ പ്രൊഡക്ഷൻസ് അവതരിപ്പിച്ച കാതോരം ലൈവ് ഇൻ കോൺസർട്ട് 20ന് സെന്റ് ബേസിൽസ് കൾച്ചറൽ സെന്ററിൽ നടന്നു.

കാതോരം മ്യൂസിക് ക്ലബ്ബിലെ 6 സംഗീതജ്ഞരും 13 ഗായകരും ചേർന്ന് അവതരിപ്പിച്ച ഈ സംഗീതതപസ്സ് പ്രേക്ഷകരുടെ ഹൃദയം കീഴടക്കി. മികച്ച ശബ്ദസംവിധാനവും മനോഹരമായ ലൈറ്റിംഗ് സംവിധാനവും വേദിയുടെ സമഗ്രമായ ആംബിയൻസും പരിപാടിയുടെ നിലവാരം കൂടുതൽ ഉയർത്തി. ഇതെല്ലാം ഒരുക്കിയത് വൈറ്റ് ഔൾ പ്രൊഡക്ഷൻസ് ആയിരുന്നു.

സംഗീതത്തെ സ്നേഹിക്കുന്ന സമൂഹത്തിന് ഇനിയും കൂടുതൽ മികച്ച പരിപാടികൾ സമ്മാനിക്കുമെന്ന് കാതോരം മ്യൂസിക് ക്ലബ്ബും വൈറ്റ് ഔൾ പ്രൊഡക്ഷൻസും അറിയിച്ചു.

6 January - **World Day of War Orphans**

On 6 January every year, World Day of War Orphans is celebrated to create awareness about the plight of war orphans and to address the traumatic conditions faced by them.

6 January: **Guru Gobind Singh Jayanti**

It is celebrated as the birth anniversary of Guru Gobind Singh and this year it falls on January 06. He was the tenth Guru out of a total of ten Sikh Gurus. On 22 December 1666, he was born in Patna, Bihar as per the Julian calendar.

## ഡാളസ് എയർപോർട്ട് പോലീസ് സർജന്റ് ഡ്യൂട്ടിക്കിടെ അന്തരിച്ചു

ഡാളസ്: ഡാളസ്ഫോർട്ട് വർത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിലെ പോലീസ് സർജന്റ് ചാൾസ് അലൻ വർക്സ് അന്തരിച്ചു. ചൊവ്വാഴ്ച ഡ്യൂട്ടിക്കിടെ ഉണ്ടായ ആരോഗ്യ അടിയന്തരാവസ്ഥയെത്തുടർന്നാണ് മരണം സംഭവിച്ചത്.

2020ൽ ഡി.എഫ്.ഡബ്ല്യു പോലീസ് ഡിപ്പാർട്ട്മെന്റിൽ ചേർന്ന അദ്ദേഹത്തിന് 2022ലാണ് സർജന്റായി സ്ഥാനക്കയറ്റം ലഭിച്ചത്. ഇതിനുമുമ്പ് ടെന്റൺ കൗണ്ടി ഷെരീഫ് ഓഫീസ്, ടാറന്റ് കൗണ്ടി കോളേജ് പോലീസ് എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സത്യസന്ധതയും വിനയവുമുള്ള ഒരു മികച്ച നേതാവായിരുന്നു അലൻ എന്ന് പോലീസ് ചീഫ് ബ്രയാൻ റെഡ്ബേൺ അനുസ്മരിച്ചു.

## ഓൺലൈൻ വാർത്താ രചനാ മത്സരം സംഘടിപ്പിക്കുന്നു

**- ഡോ. മാത്യു ജോയ്സ്**

ഡാളസ്: ലോകമെമ്പാടുമുള്ള എഴുത്തുകാർക്കായി ഗ്ലോബൽ ഇന്ത്യൻ കൗൺസിലും ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബും സംയുക്തമായി ഓൺലൈൻ ലൈവ് ന്യൂസ് റൈറ്റിംഗ് മത്സരം സംഘടിപ്പിക്കുന്നു. ധാർമ്മിക പത്രപ്രവർത്തനവും ക്രിയാത്മക ചിന്തയും പ്രോത്സാഹിപ്പിക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

ജനുവരി 17, ശനിയാഴ്ച അമേരിക്കൻ സെൻട്രൽ സമയം രാവിലെ 9.30 (ഇന്ത്യൻ സമയം രാത്രി 8).വേദി: സൂം പ്ലാറ്റ്ഫോം വഴി ലൈവ് ആയി നടക്കും.

ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിൽ എഴുതാം. 15 വയസ്സും അതിനു മുകളിലുള്ളവർക്കും പങ്കെടുക്കാം.

ഒന്നാം സ്ഥാനം 450, രണ്ടാം സ്ഥാനം 300, മൂന്നാം സ്ഥാനം 150 ഡോളറുകളാണ്. വിജയിക്കുന്ന ലേഖനങ്ങൾ പ്രമുഖ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കും. എല്ലാ പങ്കെടുക്കുന്നവർക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പി.സി. മാത്യു (+1 9729996877), ഡോ. മാത്യു ജോയ്സ് (+91 884 803 3812) എന്നിവരെയോ വെബ്സൈറ്റിലോ ബന്ധപ്പെടുക.

രജിസ്ട്രേഷൻ: സൗജന്യമാണ്
indoamericanpressclub.comnewswriting

## വൃദ്ധസദനങ്ങളിൽ ക്രിസ്തുമസ് സ്നേഹ സാന്ത്വനവുമായി കുഞ്ഞു മിഷനറിമാർ

ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് (സി.എം.എൽ) യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ്പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് ഡിസംബർ 7ന് ആരംഭിച്ച അറോഹ 25 എന്ന പ്രോഗ്രാം വിജയകരമായി സമാപിച്ചു. അഗതികളും രോഗാവസ്ഥയിലും നിലാരംബരായും വൃദ്ധസദനങ്ങളിൽ കഴിയുന്ന വയോജനങ്ങളെ സന്ദർശിച്ച് ആഗമിക്കുന്ന ക്രിസ്തുമസിന്റെ സ്നേഹസന്ദേശം അവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചിക്കാഗോ സെന്റ് മേരീസ് ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റ് ആവിഷ്കരിച്ച പദ്ധതിയാണ് അറോഹ 25. സ്വസൃഷ്ടിപരമായ ആശയങ്ങൾ ഉൾപ്പെടുത്തി, ക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ട ദൈവവചനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സിഎംഎൽ കുട്ടികൾ തയ്യാറാക്കിയ ക്രിസ്തുമസ് ഗ്രീറ്റിംഗ് കാർഡുകൾ ഡിസംബർ 7 മുതൽ ദേവാലയത്തിലെ ഹോൾവേയിൽ സജ്ജീകരിച്ച ബോക്സിൽ നിക്ഷേപിച്ചു.

തുടർന്ന് ഡിസംബർ 20ന് സെന്റ് മേരീസ് ദേവാലയത്തിന്റെ പരിസര പ്രദേശങ്ങളിലുള്ള വിവിധ വൃദ്ധസദനങ്ങൾ സന്ദർശിച്ച് അവിടെയുള്ള അന്തേവാസികൾക്ക് ഈ ഗ്രീറ്റിംഗ് കാർഡുകൾ വിതരണം ചെയ്യുകയും ക്രിസ്തുമസ് കാരോളിംഗ് നടത്തുകയും ചെയ്തു. ക്രിസ്തുമസ് സീസണിൽ പ്രായാധിക്യവും രോഗാവസ്ഥകളും മൂലം വൃദ്ധസദനങ്ങളിൽ കഴിയുന്ന വയോജനങ്ങളോട് സ്നേഹവും കരുതലും വളർത്തുവാൻ സിഎംഎൽ കുട്ടികൾ നടത്തിയ ഈ പ്രവർത്തനം ഒരു മാതൃകാപരമായ കാരുണ്യ പ്രവർത്തനമായി മാറി. കുട്ടികൾ തയ്യാറാക്കിയ ഏകദേശം 400 ഗ്രീറ്റിംഗ് കാർഡുകൾ ഹാർമണി പാർക്ക് റിഡ്ജ്, അവൻതാര പാർക്ക് റിഡ്ജ്, എലിവേറ്റ് കെയർ നൈൽസ് എന്നീ വൃദ്ധസദനങ്ങളിൽ വിതരണം ചെയ്തു. ഇതോടൊപ്പം ക്രിസ്തുമസ് കേക്കുകളും വിതരണം ചെയ്ത് അവരോടൊപ്പം ക്രിസ്തുമസ് സന്തോഷം പങ്കുവെക്കുകയും ചെയ്തു.

ഗ്രാൻഡ് ഫിനാലിയിൽ സെന്റ് മേരീസ് സി.എം.എൽ. യൂണിറ്റിനെ പ്രതിനിധീകരിച്ച് ഏകദേശം 25 കുട്ടികളും, ഇടവക വികാരി ഫാദർ സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാദർ അനീഷ് മാവേലിപുത്തൻപുരയിൽ, സിഎംഎൽ ഡയറക്ടർ ജോജോ ആനാലിൽ എന്നിവരും പങ്കെടുത്തു. പേരന്റ് വോളണ്ടിയേഴ്സായി മജോ കുന്നശ്ശേരി, ജീസ് ചക്കുങ്ങൽ, മാത്യു കിഴവുള്ളിൽ, ഷിബു പണിക്കാപറമ്പിൽ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

8 January - **African National Congress Foundation Day**

South African Native National Congress (SANNC) was founded on 8 January 1912 by John Langalibalele Dube in Bloemfontein. Behind this, the primary motive was to give voting rights to black and mixed-race Africans or to unite African people and spearhead the struggle for fundamental political, social, and economic change.

## ചിക്കാഗോ സെന്റ് മേരീസിൽ ക്രിസ്തുമസ് കരോൾ ഗ്ലോറിയ 2025വർണ്ണശബളമായി



**- അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ : ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ മതബോധനസ്കൂളിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ക്രിസ്തുമസ് കരോൾ സംഘടിപ്പിക്കപ്പെട്ടു. ഡിസംബർ 21 ഞായറാഴ്ച, മതബോധന സ്കൂളിലെ എല്ലാ ഡിവിഷനുകളിലെയും കുട്ടികളെ സ്റ്റേജിൽ അണിനിരത്തി നടത്തപ്പെട്ട ആഘോഷങ്ങൾ ക്രിസ്തുമസിന്റെ ചൈതന്യവും സന്തോഷവും പങ്കുവെയ്ക്കത്തക്ക രീതിയിലാണ് നടത്തപ്പെട്ടത്.

ജോബി പണയപറമ്പിലിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് ഗായക സംഘത്തിന്റെ കരോൾ ഗാനങ്ങളോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. തുടർന്ന് വികാരി ഫാ .സിജു മുടക്കോടിയിലിന്റെ പ്രാർത്ഥനയോടെ ആഘോഷങ്ങൾക്ക് ഔപചാരികമായ തുടക്കം ലഭിച്ചു. പഴയകാല കരോൾ ഗാനങ്ങൾ കൂട്ടിയിണക്കിക്കൊണ്ട് ഗായക സംഘം അവതരിപ്പിച്ച ചെയിൻ കരോൾ ഗാനാലാപനം ഏറെ ശ്രദ്ധേയമായി. തുടർന്ന് മതബോധന സ്കൂളിലെ പ്രീ കെ മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള കുട്ടികൾ സ്റ്റേജിൽ കരോൾ ഗാനങ്ങളും നൃത്തങ്ങളും അവതരിപ്പിച്ചു. മതബോധനസ്കൂൾ ഡയറക്ടർ സജി പുതൃക്കയിലിന്റെയും അസി.ഡയറക്ടർ മനീഷ് കൈമൂലയിലിന്റെയും നേതൃത്വത്തിൽ അധ്യാപകർ പരിപാടികൾ നിയന്ത്രിച്ചു.

അസി. വികാരി ഫാ. അനീഷ് മാവേലി പുത്തെൻപുര നന്ദി പറഞ്ഞു. ഇടവകയുടെ കരോൾ കോർഡിനേറ്റർമാരായ നവീൻ കണിയാംപറമ്പിൽ, ജെസ്ലിൻ പ്ലാത്തോട്ടത്തിൽ, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, സിസ്റ്റർ ഷാലോം എന്നിവർ സജ്ജീകരണങ്ങൾക്ക് ചുക്കാൻ പിടിച്ചു. സ്നേഹവിരുന്നോടെയാണ് ആഘോഷങ്ങൾ സമാപിച്ചത്.

## ചിക്കാഗോയിൽ അനിൽ മറ്റത്തികുന്നേലിനെ ആദരിച്ചു



ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ഇടവകാംഗവും ഗായകസംഘത്തിന് പതിനഞ്ചോളം വർഷങ്ങൾ നേതൃത്വം കൊടുക്കുകയും ചെയ്ത അനിൽ മറ്റത്തിക്കുന്നേലിനെ ഇടവക ആദരിച്ചു. ഈ അടുത്തകാലത്തായി രചനയും സംഗീതവും നൽകി മികച്ച ഗാനങ്ങൾ ചിക്കാഗോയിലെ ഗായകർക്ക് അവസരം നൽകിക്കൊണ്ട് പുറത്തിറക്കിയത് പരിഗണിച്ചാണ് ആദരം നൽകിയത്.

ഇടവകയുടെ കരോൾ ആഘോഷ വേദിയിൽ വച്ച് വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലി പുത്തെൻപുര എന്നിവർ പൊന്നാടയണിയിക്കുകയും കൈക്കാരൻമാരെ പ്രതിനിധീകരിച്ച് സാബു കട്ടപ്പുറം ബൊക്കെ സമ്മാനിക്കുകയും ചെയ്തു. ഓഗസ്റ്റ് മാസത്തിൽ ഇദംപ്രഥമമായി ഇടവകയുടെ പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഇടവകയ്ക്ക് വേണ്ടി അണയാം ദൈവജനമേഎന്ന ഗാനം രചനയും സംഗീതവും നൽകി പുറത്തിറക്കിക്കൊണ്ടാണ് ഗാന നിർമ്മാണ രംഗത്തേക്ക് അനിൽ മറ്റത്തിക്കുന്നേൽ ചുവടുവച്ചത്.

തുടർന്ന് ക്രിസ്തുമസ് കരോളിനായി പുറത്തിറക്കിയ ഉണ്ണിയേശുവെ കാണാൻ എന്ന ഹിറ്റ് ഗാനം പൂർണ്ണമായും ചിക്കാഗോയിലെ തന്നെ ഗായകരെ ഉൾപ്പെടുത്തിക്കൊണ്ട് പുറത്തിറക്കുകയും ആഗോളതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. പിന്നീട് പിറവിതിരുനാൾ തിരുക്കർമ്മങ്ങളുടെ ഭാഗമായ രണ്ടു ഗാനങ്ങൾ കൂടി ഈ സീസണിൽ തന്നെ പുറത്തിറക്കി ശ്രദ്ധ നേടിയിരുന്നു. വോയിസ് ഓഫ് ആഡം എന്ന ജനപ്രിയ യൂട്യൂബ് ചാനലിന്റെ ഭാഗമായാണ് ഗാനങ്ങൾ പുറത്തിറക്കിക്കൊണ്ടിരിക്കുന്നത്. ഗാനശുശ്രൂഷാരംഗത്ത് അനിൽ ചെയ്തു കൊണ്ടിരിക്കുന്ന സേവനങ്ങളെ ഏറെ നന്ദിയോടെ സ്മരിക്കുന്നതായി ഫാ.സിജു മുടക്കോടിൽ അറിയിച്ചു.

നിരവധി സംഗീത ആൽബങ്ങൾ ചിക്കാഗോയിൽ നിന്നും പുറത്തിറങ്ങാറുണ്ട് എങ്കിലും ആദ്യമായാണ് ചിക്കാഗോയിലെ ഗായകർക്ക് അവസരം നൽകുന്നതിന് മുൻഗണന നൽകുന്നവിധത്തിൽ ഗാനങ്ങൾ പുറത്തിറക്കുന്നതെന്നും, ഈ ഉദ്യമത്തിന് ചുക്കാൻ പിടിക്കുന്ന അനിൽ മറ്റത്തിക്കുന്നേലിന് നന്ദി അറിയിക്കുന്നതായും സെന്റ് മേരീസ് ഗായകസംഘത്തിന് നേതൃത്വം നൽകുന്ന ജോബി പണയപറമ്പിൽ അറിയിച്ചു.



*ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് (സി.എം.എൽ) യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ്പുതുവത്സര ആഘോഷത്തിൽ നിന്നും*

## കാലിഫോർണിയയിൽ നൂറിലധികം അനധികൃതട്രക്ക് ഡ്രൈവർമാർ അറസ്റ്റിൽ

**- പി.പി ചെറിയാൻ**

വാഷിംഗ്ടൺ: കാലിഫോർണിയയിലെ ഹൈവേകളിൽ നടത്തിയ വൻ തിരച്ചിലിൽ (ഓപ്പറേഷൻ ഹൈവേ സെന്റിനൽ) നൂറിലധികം അനധികൃത കുടിയേറ്റക്കാരായ ട്രക്ക് ഡ്രൈവർമാരെ യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് അറസ്റ്റ് ചെയ്തു. മതിയായ രേഖകളില്ലാതെ ട്രക്ക് ഓടിക്കുന്നവർ രാജ്യവ്യാപകമായി അപകടങ്ങൾ വരുത്തിവെക്കുന്ന പശ്ചാത്തലത്തിലാണ് ഈ നടപടി.

ഇന്ത്യ, മെക്സിക്കോ, കൊളംബിയ, റഷ്യ, വെനസ്വേല തുടങ്ങി പന്ത്രണ്ടോളം രാജ്യങ്ങളിൽ നിന്നുള്ളവർ അറസ്റ്റിലായവരിൽ ഉൾപ്പെടുന്നു. ഇന്ത്യക്കാരനായ ഹർജീന്ദർ സിംഗ് ഉൾപ്പെട്ട മാരകമായ അപകടം ഉൾപ്പെടെയുള്ള സംഭവങ്ങളാണ് ഇത്തരമൊരു നടപടിക്ക് അധികൃതരെ പ്രേരിപ്പിച്ചത്.

ട്രക്ക് ഡ്രൈവർമാർക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം നിർബന്ധമാക്കിക്കൊണ്ട് ട്രംപ് ഭരണകൂടം പുതിയ നിയമം കൊണ്ടുവന്നിരുന്നു. ഇത് പാലിക്കാത്തതിനാൽ കാലിഫോർണിയയ്ക്ക് നൽകാനുള്ള 40 മില്യൺ ഡോളറിന്റെ ഫണ്ട് കേന്ദ്ര സർക്കാർ തടഞ്ഞുവെച്ചു.

അനധികൃതമായി ഡ്രൈവിംഗ് ലൈസൻസ് നേടുന്നവർ അമേരിക്കക്കാരുടെ ജീവൻ അപകടത്തിലാക്കുകയാണ് എന്ന് ഗതാഗത സെക്രട്ടറി ഷോൺ ഡഫി പറഞ്ഞു. വാഷിംഗ്ടൺ, ന്യൂ മെക്സിക്കോ, കൊളറാഡോ തുടങ്ങിയ സംസ്ഥാനങ്ങൾക്കും സമാനമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

കാലിഫോർണിയയ്ക്ക് പുറമെ ഇന്ത്യാനയിൽ നടന്ന ഓപ്പറേഷൻ മിഡ്വേ ബ്ലിറ്റ്സ് എന്ന പരിശോധനയിൽ 146 ട്രക്ക് ഡ്രൈവർമാർ ഉൾപ്പെടെ ഇരുനൂറോളം പേർ അറസ്റ്റിലായിട്ടുണ്ട്.

അതേസമയം, കാലിഫോർണിയയിലെ ഡ്രൈവർമാർ ഉൾപ്പെടുന്ന അപകടനിരക്ക് ദേശീയ ശരാശരിയേക്കാൾ കുറവാണെന്നും ലൈസൻസ് യോഗ്യത നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണെന്നും കാലിഫോർണിയ ഗവർണർ ഗാവിൻ ന്യൂസം പ്രതികരിച്ചു.

## ഇൻഫ്ളുവൻസ പടരുന്നു: ജാഗ്രത വേണമെന്ന് ആരോഗ്യവിദഗ്ധർ

ന്യൂയോർക്: ഈ വർഷത്തെ ഫ്ളൂ (പനി) സീസൺ അതീവ ഗുരുതരമാകാൻ സാധ്യതയുണ്ടെന്ന് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. എച്. 3 എൻ 2 എന്ന പുതിയ വകഭേദമാണ് ഇപ്പോൾ അതിവേഗം പടരുന്നത്.

നിലവിൽ അമേരിക്കയിൽ മാത്രം 46 ലക്ഷത്തിലധികം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

ഈ പനിക്കാലം തമാശയല്ല. വർഷത്തിലെ ഈ സമയത്ത് നമ്മൾ പ്രതീക്ഷിക്കുന്നതിലും കൂടുതൽ കേസുകൾ നമ്മൾ കാണുന്നു, ന്യൂയോർക്കിലെ വെയിൽ കോർണൽ മെഡിസിനിലെ ശിശുരോഗ വിദഗ്ദ്ധയായ ഡോ. അമാൻഡ ക്രാവിറ്റ്സ് പറഞ്ഞു.

കഠിനമായ പനി (103-104 ഡിഗ്രി), ശരീരവേദന, ചുമ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. കുട്ടികളിൽ ഛർദ്ദിയും കണ്ടുവരുന്നുണ്ട്. സാധാരണ ഫ്ളൂവിനേക്കാൾ വേഗത്തിൽ പടരുന്ന ഈ വകഭേദം പ്രായമായവരെയും കുട്ടികളെയും ബാധിക്കാൻ സാധ്യത കൂടുതലാണ്.

പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നത് രോഗം ഗുരുതരമാകുന്നത് തടയാൻ സഹായിക്കും. വാക്സിൻ ഫലപ്രാപ്തി കുറയാൻ സാധ്യതയുണ്ടെങ്കിലും സുരക്ഷയ്ക്കായി ഇത് നിർബന്ധമായും എടുക്കണമെന്ന് ഡോക്ടർമാർ നിർദ്ദേശിക്കുന്നു.

രോഗലക്ഷണങ്ങൾ കണ്ടാൽ ആദ്യ രണ്ട് ദിവസത്തിനുള്ളിൽ തന്നെ ചികിത്സ തേടുന്നത് ഫലപ്രദമാണ്. കൈകൾ വൃത്തിയായി കഴുകുക, തിരക്കുള്ള ഇടങ്ങളിൽ ജാഗ്രത പാലിക്കുക എന്നിവയാണ് പ്രതിരോധ മാർഗങ്ങൾ.

## ക്രിസ്മസ് ദിനത്തിൽ ന്യൂയോർക്കിൽ മലയാളി സിവിഎസ് ജീവനക്കാരൻ കുത്തേറ്റ് മരിച്ചു

ന്യൂയോർക്: ന്യൂയോർക്കിലെ ലോംഗ് ഐലൻഡിൽ ക്രിസ്മസ് ദിനത്തിൽ ഉണ്ടായ ആക്രമണത്തിൽ 23 വയസ്സുകാരനായ സിവിഎസ് ജീവനക്കാരൻ കൊല്ലപ്പെട്ടു. വെസ്റ്റ് ബാബിലോൺ സ്വദേശിയായ എഡ്വീഡ്സൺ സിൻ ആണ് കൊല്ലപ്പെട്ടത്.

25ന് ബുധനാഴ്ച വൈകിട്ടായിരുന്നു സംഭവം. ലിൻഡൻഹർസ്റ്റിലെ ഈസ്റ്റ് മോണ്ടോക്ക് ഹൈവേയിലുള്ള സിവിഎസ് ഫാർമസിയിൽ ജോലി ചെയ്തുകൊണ്ടിരിക്കെയാണ് എഡ്വീഡ്സണ് കുത്തേറ്റത്. നെഞ്ചിൽ മാരകമായി മുറിവേറ്റ യുവാവിനെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

മറ്റൊരാൾക്ക് പകരം അവസാന നിമിഷം ഷിഫ്റ്റ് ഏറ്റെടുത്താണ് എഡ്വീഡ്സൺ അന്ന് ജോലിക്ക് പോയതെന്ന് ബന്ധുക്കൾ പറഞ്ഞു. കഴിഞ്ഞ 10 മാസമായി അദ്ദേഹം ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരികയായിരുന്നു. 40 വയസ്സിന് മുകളിൽ പ്രായം തോന്നിക്കുന്ന ഒരാളാണ് ആക്രമണം നടത്തിയത്. ഇയാൾ സംഭവസ്ഥലത്തുനിന്ന് ഓടി രക്ഷപ്പെട്ടു.

പ്രതിയെക്കുറിച്ച് വിവരം ലഭിക്കുന്നവർ 1800220 ടിപ്സ് എന്ന നമ്പറിൽ അറിയിക്കണമെന്ന് സഫോക്ക് കൗണ്ടി പോലീസ് അഭ്യർത്ഥിച്ചു.

## സോമർസെറ്റിൽ ക്രിസ്മസ് ആഘോഷം : മഞ്ഞുവീഴുന്ന രാവിൽ സ്നേഹദൂതുമായി കരോൾ സംഘം



**- സെബാസ്റ്റ്യൻ ആന്റണി**

ന്യൂജേഴ്സി: മഞ്ഞുവീഴുന്ന ഡിസംബർ രാവുകളെ സംഗീതസാന്ദ്രമാക്കി, സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൂതുമായി സോമർസെറ്റ് സെൻറ് തോമസ് സീറോ മലബാർ ഫൊറോനാ ദേവാലയത്തിലെ ക്രിസ്മസ് കരോൾ സംഘം ഭവനങ്ങളിലെത്തി. തിരുപ്പിറവിയുടെ സന്തോഷം പങ്കുവെക്കാനായി സംഘടിപ്പിച്ച വാർഡ് തലത്തിലുള്ള കരോൾ യാത്ര, ഒമ്പത് വാർഡുകളിലായി 250ഓളം കുടുംബങ്ങളിൽ സ്നേഹസ്പർശമായി മാറി.

ഇടവക വികാരി ഫാ. ജോണിക്കുട്ടി പുലിശ്ശേരി കരോൾ സംഘത്തിനൊപ്പം ചേർന്നത് വിശ്വാസികൾക്ക് ഇരട്ടി മധുരമായി. ഓരോ ഭവനത്തിലുമെത്തി അദ്ദേഹം ക്രിസ്മസ് സന്ദേശം കൈമാറി. ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം ഓരോരുത്തരിലും നിറയാൻ ദൈവപുത്രന്റെ തിരുപ്പിറവി ആഘോഷങ്ങൾ ഇടയാക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

പ്രാർത്ഥനാപൂർവ്വം തുടങ്ങിയ ഭവനസന്ദർശനങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ക്രിസ്മസ് ഗാനങ്ങൾ അലയടിച്ചു. സമ്മാനപ്പൊതികളുമായി എത്തിയ ക്രിസ്മസ് പാപ്പയും, പുൽക്കൂടിന്റെ പുണ്യസ്മരണയുണർത്തിയ നേറ്റിവിറ്റി ദൃശ്യങ്ങളും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആവേശവും കൗതുകവുമായി.

ജോസ് ജോസഫ് കണ്ടവനം, മിനി റോയ്, (സെന്റ് ആന്റണി) ഫ്രാൻസിസ് മാത്യു കല്ലുപുരക്കൽ, ലിയ നേരേപറമ്പിൽ (സെന്റ് അൽഫോൻസ), സോമി മാത്യു, റീബ പോൾ (സെന്റ് ജോർജ്), ജോസഫ് സാം അലക്സാണ്ടർ, ലിൻഡ റോബർട്ട് (സെന്റ് ജോർജ്), സൂരജ് ജോർജ്, ലിസ് മാത്യു (സെന്റ് ജോർജ്), സുനിൽ ജോസ്, റീനു ജേക്കബ്, പോൾ: കുരിയൻ കല്ലുവാരപറമ്പിൽ, അനു സെബാസ്റ്റ്യൻ, തെരേസ ഓഫ് കല്ക്കട്ട: ലാസർ ജോയ് വെള്ളാറ, ആനി വർഗീസ്, സെൻറ് തോമസ്: ജോസഫ് പൗലോസ് തമ്പിതറയിൽ, മഞ്ജു ജോസഫ്, ഇടവക ട്രസ്റ്റിമാരായ ബോബി വർഗീസ്, റോബിൻ ജോർജ്, സുനിൽ ജോസ്, ലാസർ ജോയ് വെള്ളാറ എന്നിവർ നേതൃത്വം നൽകി.

## ലെഗസി മിനിസ്ട്രി സെമിനാറിന് അനുഗ്രഹ സമാപ്തി



**- എസ്.പി.ജയിംസ്,ഡാളസ്**

ഡാളസ്: കാൽവറി പെന്തെക്കോസ്തു ചർച്ചിൽ ലഗസി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സെമിനാർ നടത്തി. സീനിയർ പാസ്റ്റർ തോമസ് യോഹന്നാന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാറിൽ ഡോ.റോബിൻ മാത്യു (മെഡിക്കൽ), ഷൈജു ഏബ്രഹാം (ഫൈനാൻസ്) എന്നിവർ സംസാരിച്ചു. അൻപതു വർഷവും അതിൽ കൂടുതലോ (സുവർണ്ണ ജൂബിലി) കുടുംബജീവിതം അനുഗ്രഹകരമായി പൂർത്തിയാക്കിയ ചാണ്ടി വർഗീസ് ആന്റ് സിൽവി വർഗീസ്, ജോർജ് സ്കറിയ ആന്റ് ശോശാമ്മ സ്കറിയ, പോൾ ചാക്കോ ആന്റ് ശാന്തമ്മ ചാക്കോ, ജോർജ് കുരുവിള ആന്റ് സാറാമ്മ ജോർജ്, ഈപ്പൻ കോശി ആന്റ് അന്നമ്മ കോശി എന്നിവരെ ഫലകം നൽകി അനുമോദിച്ചു.

കൂടാതെ മികച്ച മാതൃകാ കൃഷിത്തോട്ടം വിജയികളായ പി.എം. മാത്യു ആന്റ് ജെസി ഒന്നാം സ്ഥാനം, സോണി മാത്യു ആന്റ് സിസിൽ, പാസ്റ്റർ രാജൻ ജോർജ് ആന്റ് ലോയിസ് (രണ്ടാം സ്ഥാനം), തോമസ് സ്കറിയ ആന്റ് സോമിനി, ഫിലിപ്പ് ജോൺ ആന്റ് പ്രിൻസി (മൂന്നാം സ്ഥാനം) എന്നിവർക്ക് ഫലകങ്ങൾ സമ്മാനിച്ചു. ഡാളസ് കാപ്പാസ് ഗുഡ്വിൽ മിനിസ്ട്രിയാണ് ഫലകങ്ങൾ സ്പോൺസർ ചെയ്തത്.

പാസ്റ്റർ തോമസ് യോഹന്നാൻ അവാർഡ് വിതരണം നിർവ്വഹിച്ചു. സാജൻ കരിമ്പിനേത്തിന്റെ നേതൃത്വത്തിൽ സി.പി.സി. വർഷിപ്പ് ടീം സംഗീത ശുശ്രൂഷ നടത്തി.

8 January- **Earth's Rotations Day**

Every year, January 8 is recognized as Earth Rotation Day. This day marks the anniversary of French physicist Leon Foucault's 1851 proof that the Earth revolves on its axis.

9 January – **NRI (Non-Resident Indian) Day or Pravasi Bharatiya Divas**

NRI or Pravasi Bharatiya Divas is observed every year on 9 January to mark the contribution of the overseas Indian community towards the development of India. This day also commemorates the return of Mahatma Gandhi from South Africa to Mumbai on 9 January 1915.

# യു.എസിൽ കുട്ടികൾക്കായി ട്രംപ് അക്കൗണ്ടുകൾ – ജനിക്കുമ്പോൾ 1,000 ഡോളർ നിക്ഷേപം

**ലാൽ വർഗീസ് ഡാളസ്**

വാഷിംഗ്ടൺ: യു.എസ്. കുട്ടികൾക്കായി സർക്കാർ പിന്തുണയോടെയുള്ള പ്രത്യേക നിക്ഷേപ പദ്ധതിയായ 'ട്രംപ് അക്കൗണ്ടുകൾ' ട്രഷറി സെക്രട്ടറി സ്കോട്ട് ബെസന്റ് പ്രഖ്യാപിച്ചു. കുട്ടികൾക്ക് ജനനസമയത്ത് തന്നെ സാമ്പത്തിക അടിത്തറ ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2025 ജനുവരി 1നും 2028 ഡിസംബർ 31നും ഇടയിൽ ജനിക്കുന്ന ഓരോ യു.എസ്. പൗരനായ കുട്ടിക്കും സർക്കാർ 1,000 ഡോളർ വീതം അക്കൗണ്ടിൽ നിക്ഷേപിക്കും.

പ്രതിവർഷം 5,000 ഡോളർ വരെ മാതാപിതാക്കൾക്ക് ഈ അക്കൗണ്ടിൽ നിക്ഷേപിക്കാം. വിരമിക്കൽ പ്രായമെത്തുമ്പോൾ ഈ തുക 6 ലക്ഷം മുതൽ 10 ലക്ഷം ഡോളർ വരെയായി വളരാൻ സാധ്യതയുണ്ടെന്ന് അധികൃതർ കണക്കാക്കുന്നു.

ഐ.ആർ.എസ് ഫോം 4547 വഴി മാതാപിതാക്കൾക്ക് കുട്ടികളെ പദ്ധതിയിൽ ചേർക്കാം.

18 വയസ്സ് പൂർത്തിയാകാതെ ഈ അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കാൻ സാധിക്കില്ല. കുറഞ്ഞ മാനേജ്മെന്റ് ഫീസുള്ള (0.1% താഴെ) മ്യൂച്വൽ ഫണ്ടുകളിലോ ഇക്വിറ്റികളിലോ മാത്രമായിരിക്കും നിക്ഷേപം.

സ്വകാര്യ മേഖലയിൽ നിന്നും വലിയ പിന്തുണയാണ് പദ്ധതിക്ക് ലഭിക്കുന്നത്. ഹെഡ്ജ് ഫണ്ട് മാനേജർ റേ ഡാലിയോ 75 മില്യൺ ഡോളർ പദ്ധതിക്കായി വാഗ്ദാനം ചെയ്തു. കൂടാതെ, മൈക്കൽ ഡെല്ലും ഭാര്യയും ചേർന്ന് 2.5 കോടി കുട്ടികൾക്കായി 6.25 ബില്യൺ ഡോളറിന്റെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ നികുതിചെലവ് നിയമനിർമ്മാണത്തിന്റെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വരുമാന പരിധിയില്ലാതെ എല്ലാ കുടുംബങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: https://trumpaccounts.gov/

# ജൂതവിരുദ്ധ പരാമർശം: സോഹ്റാൻ മാംദാനിയുടെ ഉദ്യോഗസ്ഥ നിയമനം കഴിഞ്ഞ് ഒരു ദിവസത്തിനുള്ളിൽ രാജി

**– പി പി ചെറിയാൻ**



ന്യൂയോർക്ക്: നിയുക്ത ന്യൂയോർക്ക് മേയർ സോഹ്റാൻ മാംദാനിയുടെ അപ്പോയിന്റ്മെന്റ് ഡയറക്ടറായി ചുമതലയേറ്റ കാതറിൻ അൽമോണ്ടെ ഡാ കോസ്റ്റ സ്ഥാനമേറ്റ് ഒരു ദിവസത്തിനുള്ളിൽ രാജിവെച്ചു. വർഷങ്ങൾക്ക് മുമ്പ് സോഷ്യൽ മീഡിയയിൽ നടത്തിയ ജൂതവിരുദ്ധ പരാമർശങ്ങൾ വിവാദമായതിനെത്തുടർന്നാണ് നടപടി.

പത്ത് വർഷങ്ങൾക്ക് മുമ്പ് ഡാ കോസ്റ്റ തന്റെ എക്സ് അക്കൗണ്ടിൽ 'പണക്കൊതിയന്മാരായ ജൂതന്മാർ' എന്നും മറ്റും നടത്തിയ പരാമർശങ്ങളാണ് ഇപ്പോൾ പുറത്തുവന്നത്. ജഡ്ജ് സ്ട്രീറ്റ് ജേർണൽ ആണ് ഈ പഴയ പോസ്റ്റുകൾ പുറത്തുവിട്ടത്.

ജൂതമതസ്ഥരായ കുട്ടികളുടെ അമ്മ കൂടിയായ താൻ ആ വാക്കുകൾ വരുത്തിയ മുറിവിൽ ഖേദിക്കുന്നുവെന്നും, പുതിയ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇതൊരു തടസ്സമാകാൻ ആഗ്രഹിക്കാത്തതിനാലാണ് രാജി സമർപ്പിക്കുന്നതെന്നും ഡാ കോസ്റ്റ പ്രസ്താവനയിൽ പറഞ്ഞു. തന്റെ 19-20 വയസ്സ് പ്രായത്തിൽ നടത്തിയ പരാമർശങ്ങളായിരുന്നു അവയെന്നും അവർ വിശദീകരിച്ചു.

ഡാ കോസ്റ്റയുടെ ഖേദപ്രകടനവും രാജിയും അംഗീകരിച്ചതായി മേയർ സോഹ്റാൻ മാംദാനി അറിയിച്ചു.

ഇസ്രായേൽ വിരുദ്ധ നിലപാടുകളുടെ പേരിൽ ജൂതസമൂഹത്തിൽ നിന്ന് നേരത്തെ തന്നെ എതിർപ്പ് നേരിടുന്ന മാംദാനിക്ക്, തന്റെ ഉന്നത ഉദ്യോഗസ്ഥയുടെ ഈ പഴയ പരാമർശങ്ങൾ വലിയ തിരിച്ചടിയായി. ആന്റിഡിഫമേഷൻ ലീഗ് അടക്കമുള്ള സംഘടനകൾ ഇതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. നിയമനത്തിന് മുൻപ് ഉദ്യോഗസ്ഥരുടെ പശ്ചാത്തലം പരിശോധിക്കുന്നതിലുണ്ടായ വീഴ്ചയെക്കുറിച്ച് മാംദാനി ഭരണകൂടത്തിനെതിരെ വിമർശനം ഉയരുന്നുണ്ട്.

10 January - **World Hindi Day**

Vishwa Hindi Diwas is an annual event observed on January 10. World Hindi Day was created to mark the occasion when Hindi was first spoken at the UNGA in 1949. With nearly 600 million speakers worldwide, Hindi is the third most widely spoken language in the world after Mandarin Chinese and English.

# നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു



ന്യൂയോർക്ക് : മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ 25–ാമത് വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ആൽബനിയിലെ സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയത്തിൽ തുടക്കം കുറിച്ചു.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലങ്കാസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. കൃപയുടെ പാത്രങ്ങൾഎന്നതാണ് പ്രമേയ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെ ഭാഗമായി ന്യൂയോർക്ക് ആൽബനിയിലെ സെന്റ് പോൾസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് ടീം സന്ദർശനം നടത്തി. കോൺഫറൻസ് കോർഡിനേറ്റർ സെന്റ് പോൾസ് ദേവാലയ വികാരി ഫാ. അലക്സ് കെ. ജോയ് ടീമിനെ സ്വാഗതം ചെയ്തുകൊണ്ട് അവരുടെ സമർപ്പണബോധത്തെ പ്രകീർത്തിച്ചു സംസാരിക്കുകയും ഇടവകയിലെ വിശ്വാസികളോട് കോൺഫറൻസിന് പരിപൂർണ പിന്തുണ നൽകി വൻ വിജയമാക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

ട്രഷറർ ജോൺ താമരവേലിൽ മുൻ വർഷങ്ങളിലെ ശക്തമായ യുവജന പങ്കാളിത്തം എടുത്തു പറയുകയും ഈ വർഷം പ്രത്യേകിച്ച് യുവജനങ്ങൾക്കായി രജിസ്ട്രേഷൻ ഫീസ് കുറച്ചത് ചൂണ്ടി കാണിക്കുകയും ചെയ്തു.

അസിസ്റ്റന്റ് ട്രഷറർ റിംഗിൾ ബിജു സ്പോൺസർഷിപ്പും റാഫിൾ ടിക്കറ്റുകളും എടുത്തു കോൺഫറൻസിനെ പിന്തുണക്കണമെന്നും, കോൺഫറൻസ് തന്റെ കുടുംബത്തെ എങ്ങനെ പോസിറ്റീവായി സ്വാധീനിച്ചു എന്നതിനെക്കുറിച്ചുള്ള വ്യക്തിപരമായ അനുഭവം പങ്കുവെക്കുകയും ചെയ്തു.

സുവനീർ കോർഡിനേറ്റർ റെബേക്ക പോത്തൻ കോൺഫറസിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നജോഷ്വയുടെ സൈറ്റ് ആന്റ് സൗണ്ട് തിയേറ്റർ സന്ദർശനം ഉൾപ്പെടെയുള്ള പ്രോഗ്രാമുകളെ കുറിച്ചു സംസാരിക്കുകയും ട്രൈസ്റ്റേറ്റ് ഏരിയയിൽ നിന്ന് കോൺഫറൻസിലേക്കുള്ള യാത്രാ സൗകര്യത്തിനായി ഒരു ചാർട്ടർ ബസ് ലഭ്യമായിരിക്കുമെന്നും അറിയിച്ചു.

ഭദ്രാസന കൗൺസിൽ അംഗം സജി പോത്തൻ കോർ ടീമിന്റെ സമർപ്പണവും, പരിശ്രമങ്ങളും ഏറെ പ്രശംസനീയമാണെന്ന് പറഞ്ഞു.

കോൺഫറൻസ് 2022–23 വർഷ സെക്രട്ടറി ചെറിയാൻ പെരുമാൾ കോൺഫറൻസിന്റെ പ്രാധാന്യത്തെ പറ്റി സംസാരിക്കുകയും ഈ വർഷത്തെ കോൺഫറൻസിനായി തെരഞ്ഞെടുത്ത വേദിയേയും, ഭക്ഷണ ക്രമീകരണങ്ങളേയും കുറിച്ചു സംസാരിച്ചു.

2025 ലെ വിന്റർ സമ്മിറ്റ് കോഓർഡിനേറ്റർ ജൂലിയ അലക്സ് വളരെ ചെറുപ്പം മുതൽ കോൺഫറൻസിൽ പങ്കെടുത്തതും അത് തന്റെ വിശ്വാസ യാത്രയ്ക്കും സൗഹൃദങ്ങൾക്കും എങ്ങനെ പ്രയോജനം ചെയ്തുവെന്നും എടുത്തു പറഞ്ഞു.

സെന്റ് പോൾസ് ദേവാലയ എം.ജി.ഓ.സി.എസ്.എം സെക്രട്ടറി ജെന്നിഫർ അലക്സ് എല്ലാ പാരിഷ് അംഗങ്ങളേയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. കോൺഫറൻസ് പ്രചാരണത്തിനായി പള്ളി സന്ദർശനത്തിന് ടീമിന് പാരിഷ് സെക്രട്ടറി ഏലിയാമ്മ ജേക്കബ് നന്ദി അറിയിച്ചു.

മൂന്ന് ഗോൾഡ് സ്പോൺസർഷിപ്പുകൾ, സുവനീറിലെ പതിനാല് പൂർണ്ണ പേജ് പരസ്യങ്ങൾ, ഇരുപത്തിയഞ്ച് രജിസ്ട്രേഷനുകൾ എന്നിവയിലൂടെ സെന്റ് പോൾസ് പള്ളി അംഗങ്ങൾ കോൺഫറൻസിന് ശക്തമായ പിന്തുണ നൽകി.

പോൾ ജോൺ ആൻഡ് ഫാമിലി, ഡോ ഉമ്മൻ നൈനാൻ ആൻഡ് ഫാമിലി, അനിൽ തോമസ് ആൻഡ് ഫാമിലി എന്നിവരാണ് സെന്റ് പോൾസ് ദേവാലയത്തിൽ നിന്നുള്ള ഗോൾഡ് സ്പോൺസേഴ്സ്

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973 489 6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917 5333566.

https://fycnead.org/

# മാരകമായ അലർജിക്ക് സാധ്യത, ചോക്ലേറ്റുകൾ തിരിച്ചുവിളിച്ച് യുഎസ് എഫ്.ഡി.എ

**– പി പി ചെറിയാൻ**

സിയാറ്റിൽ: അമേരിക്കയിലെ സിയാറ്റിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്രാൻസ് ചോക്ലേറ്റ്സ് പുറത്തിറക്കിയ ചോക്ലേറ്റ് ബാറുകൾ മാരകമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാമെന്ന് യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ മുന്നറിയിപ്പ് നൽകി. ചോക്ലേറ്റിൽ അടങ്ങിയിരിക്കുന്ന ഒരു ചേരുവ പാക്കറ്റിൽ രേഖപ്പെടുത്താത്തതിനെത്തുടർന്നാണ് ഈ അടിയന്തര നടപടി.

ഫ്രാൻസ് പ്യൂവർ ബാർ ആൽമണ്ട് മിൽക്ക് ചോക്ലേറ്റിൽ' ഹേസൽനട്ട് അടങ്ങിയിട്ടുണ്ടെങ്കിലും അത് പാക്കറ്റിലെ ചേരുവകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹേസൽനട്ട് അലർജിയുള്ളവർ ഈ ചോക്ലേറ്റ് കഴിക്കുന്നത് ശ്വാസതടസ്സം, തൊണ്ട വീക്കം തുടങ്ങിയ മാരകമായ അവസ്ഥകളിലേക്കും മരണത്തിനും വരെ കാരണമായേക്കാം.

ഒരാൾക്ക് അലർജി ബാധിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ മരണം റിപ്പോർട്ട് ചെയ്തിട്ടില്ല.

ഉപഭോക്താക്കൾ ഈ ചോക്ലേറ്റ് ഉടൻ തന്നെ വാങ്ങിയ ഇടങ്ങളിൽ തിരികെ നൽകി പണം കൈപ്പറ്റണമെന്ന് എഫ്.ഡി.എ നിർദ്ദേശിച്ചു. സോയ അടങ്ങിയത് രേഖപ്പെടുത്താത്തതിനെത്തുടർന്ന് മറ്റൊരു ഭക്ഷ്യ ഉൽപ്പന്നമായ പബ്ലിക്സ് റൈസ് ആൻഡ് പീജിയൻ പീസും സമാനമായ രീതിയിൽ കഴിഞ്ഞ ദിവസം തിരിച്ചുവിളിച്ചിരുന്നു.

# ഫൊക്കാനാ നാഷണൽ കമ്മിറ്റിയിലേക്ക് ബിജോ വിതയത്തിൽ ഇന്റഗ്രിറ്റി പാനലിൽ മത്സരിക്കുന്നു



ബാൾട്ടിമോറിലെ കൈരളിയിൽ രണ്ടു പതിറ്റാണ്ടിലേറെയായി പ്രവർത്തിക്കുന്ന ബിജോ, കൈരളി വൈസ് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനങ്ങളിൽ നേടിയ ദീർഘകാല അനുഭവവും നേതൃത്വ കഴിവുകളും വീണ്ടും ഫൊക്കാനായുടെ ദേശീയ തലത്തിൽ പ്രയോജനപ്പെടുത്തുകയാണ് തന്റെ ലക്ഷ്യമെന്ന് അദ്ദേഹം അറിയിച്ചു. വീണ്ടും മത്സരിക്കാനുള്ള അവസരം ലഭിച്ചതിൽ സംഘടനാ നേതൃത്വത്തിനും ഇന്റഗ്രിറ്റി പാനലിനും അദ്ദേഹം നന്ദി അറിയിച്ചു.

ബിജോ വിതയത്തിലിന്റെ മികച്ച പ്രവർത്തന പാരമ്പര്യം ഫൊക്കാനക്ക് ശക്തി പകരുമെന്ന് സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ, ട്രഷറർ സ്ഥാനാർഥി ആന്റോ വർക്കി, ലിൻഡോ ജോളി (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), ജോസി കാരക്കാട്ട് (വൈസ് പ്രസിഡന്റ്), സോണി അമ്പൂക്കൻ (അസോസിയേറ്റ് സെക്രട്ടറി), അപ്പുക്കുട്ടൻ പിള്ള (അസോ.ട്രഷറർ), അജു ഉമ്മൻ (അഡീ.അസോ. സെക്രട്ടറി), ഗ്രേസ് ജോസഫ് (അഡീ. അസോ. ട്രഷറർ), ഷൈനി രാജു (വിമൻസ് ഫോറം ചെയർ) എന്നിവർ ചൂണ്ടിക്കാട്ടി.

ഫൊക്കാനാ ദേശീയ കൺവൻഷനോടനുബന്ധിച്ചുള്ള സംഘടനാ തിരഞ്ഞെടുപ്പിൽ, ബാൾട്ടിമോറിലെ കൈരളിയെ പ്രതിനിധീകരിച്ച് ബിജോ വിതയത്തിൽ ഇന്റഗ്രിറ്റി പാനലിന്റെ ഭാഗമായി നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു.

2006 മുതൽ ഫൊക്കാനായുമായി സജീവമായി പ്രവർത്തിച്ചുവരുന്ന സംഘടനാ പ്രവർത്തകനാണ് ബിജോ വിതയത്തിൽ. 2008–2010 കാലയളവിൽ ഫൊക്കാനാ നാഷണൽ കമ്മിറ്റി അംഗമായി സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം, സംഘടനയുടെ വിവിധ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ പങ്കാളിത്തം വഹിച്ചു. നിലവിൽ ഫൊക്കാന കൺവൻഷൻ കൺവീനറായും അദ്ദേഹം പ്രവർത്തിക്കുന്നു.

## മേരി ജോസഫ് ഫൊക്കാന നാഷണൽ കമ്മിറ്റിയിലേക്ക് ലീല മാരേട്ട്ടീം എംപവർപാനലിൽ മത്സരിക്കുന്നു



ബോസ്റ്റൺ ആസ്ഥാനമായുള്ള ന്യൂ ഇംഗ്ലണ്ട് മലയാളി അസോസിയേഷന്റെ സജീവ അംഗമാണ് മേരി ജോസഫ്. കഴിഞ്ഞ കുറേ വർഷങ്ങളായി ട്രഷറർ, ആർട്സ് ചെയർ, വെബ് അഡ്മിൻ, പബ്ലിക് റിലേഷൻസ് എന്നീ സ്ഥാനങ്ങൾ വഹിച്ച് അവർ നിമയുടെ ഡയറക്ടർ ബോർഡിൽ അംഗമായിരുന്നു.

25 വർഷത്തിലേറെയായി ന്യൂ ഇംഗ്ലണ്ട് നിവാസിയായി കുടുംബത്തോടൊപ്പം ന്യൂ ഹാംഷെയറിൽ താമസിക്കുന്നു.

# ഡാളസ് പള്ളിയിലെ ക്രിസ്മസ് ദൃശ്യം വിശുദ്ധ കുടുംബം വൈറലാകുന്നു

ഡാളസ്: ഡാളസിലെ ഓക്ക് ലോൺ യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ചിന് പുറത്തുള്ള ക്രിസ്മസ് പുൽക്കൂട് ഇത്തവണ ശ്രദ്ധേയമാകുകയാണ്. കുടിയേറ്റ വിഷയത്തെക്കുറിച്ചുള്ള ഒരു വിവാദപരമായ സന്ദേശം ഇത് പങ്കുവെക്കുന്നു.

പള്ളിക്ക് പുറത്തുള്ള പുൽക്കൂട്ടിൽ, മറിയവും യോസേഫും ഉണ്ണിയേശുവും മുള്ളുവേലിക്ക് പിന്നിലെ ആധുനിക കുടിയേറ്റക്കാർ ആയിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

വേലിക്ക് ചുറ്റുമുള്ള ബോർഡുകളിൽ വിശുദ്ധരാണ് അഭയാർത്ഥി,വിശുദ്ധരാണ് നിരീക്ഷണത്തിലുള്ളവരും പട്രോളിംഗിലുള്ളവരുംഎന്നിങ്ങനെ എഴുതിയിട്ടുണ്ട്.

ഫെഡറൽ സർക്കാരിന്റെ കുടിയേറ്റ നയങ്ങളെക്കുറിച്ചുള്ള നിലവിലെ യാഥാർത്ഥ്യത്തെ സൂചിപ്പിക്കാനാണ് ഈ മനഃപൂർവമായ പ്രദർശനമെന്ന് അസോസിയേറ്റ് പാസ്റ്റർ ഇസബെൽ മാർക്വേസ് പറയുന്നു.

11 January – **Death anniversary of Lal Bahadur Shastri**
He was the second Prime Minister of Independent India. He popularised the slogan 'Jai Jawan Jai Kisan' He actively participated in India's freedom struggle. Due to cardiac arrest, he died on 11 January 1966. And he was also known as the 'Man of Peace' globally.

# ഭാരത് ബോട്ട് ക്ലബ്ബിന് പുതിയ നേതൃത്വം



– ജയപ്രകാശ് നായർ

ന്യൂയോർക്ക്: ഭാരത് ബോട്ട് ക്ലബ് യു.എസ്.എ.യുടെ വാർഷിക പൊതുയോഗവും 2026ലെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 14ന് 5ന് ഓറഞ്ചുബർഗിലുള്ള സിത്താർ പാലസ് റസ്റ്റോറന്റിൽ നടന്നു. വൈസ് പ്രസിഡന്റ് ജയപ്രകാശ് നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും ഏവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു.

സെക്രട്ടറി വിശ്വനാഥൻ കുഞ്ഞുപിള്ള ഭാവി പരിപാടികളെക്കുറിച്ച് വിശദീകരിക്കുകയും കൂടുതൽ യുവാക്കളെ തുഴച്ചിൽക്കാരായി കണ്ടെത്തേണ്ടതുണ്ടെന്നും പറഞ്ഞു. ട്രഷറർ വിശാൽ വിജയൻ കണക്കുകൾ അവതരിപ്പിച്ചു.

തുടർന്ന് ട്രസ്റ്റീ ബോർഡ് ചെയർമാൻ അജീഷ് നായരുടെ നേതൃത്വത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡന്റായി കൃഷ്ണരാജ് മോഹനൻ, വൈസ് പ്രസിഡന്റായി രാജേഷ് ഗോപിനാഥ്, സെക്രട്ടറിയായി വിശാൽ വിജയൻ, ജോയിന്റ് സെക്രട്ടറിയായി രാധാകൃഷ്ണൻ കുഞ്ഞുപിള്ള, ട്രഷററായി ബാബു രാജ് പിള്ള, ക്യാപ്റ്റനായി എബിൻ തോമസ്, വൈസ് ക്യാപ്റ്റനായി രോഹിത് രാധാകൃഷ്ണൻ, ടീം മാനേജരായി വിശ്വനാഥൻ കുഞ്ഞുപിള്ള എന്നിവരെയും തെരഞ്ഞെടുത്തു. കമ്മിറ്റി അംഗങ്ങളായി വിന്നി വിശ്വനാഥൻ, റ്റിനൊ തമ്പി, ഗിരീഷ് സുരേഷ് എന്നിവരെയും തെരഞ്ഞെടുത്തു.

ട്രസ്റ്റീ ബോർഡ് ചെയർമാനായി അപ്പുക്കുട്ടൻ നായർ, ബോർഡ് മെമ്പർമാരായി മധു പിള്ള, ജയപ്രകാശ് നായർ, സാജു എബ്രഹാം, അജീഷ് നായർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഓഡിറ്ററായി അലക്സ് തോമസ് പ്രവർത്തിക്കും. പ്രൊഫ. ജോസഫ് ചെറുവേലി അഡ്വൈസറി ബോർഡിന്റെ ചെയർപേഴ്സണായി തുടരും.

ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിച്ച് യുവതലമുറയെ സജീവമായി പങ്കെടുപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾക്ക് പ്രാമുഖ്യം നൽകുമെന്ന് സ്ഥാനാരോഹണം ചെയ്തുകൊണ്ട് പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ അറിയിച്ചു രാധാകൃഷ്ണൻ കുഞ്ഞുപിള്ളയുടെ കൃതജ്ഞതാ പ്രസംഗത്തോടെ യോഗം അവസാനിച്ചു.

# ഹൂസ്റ്റൺ സെന്റ് ജോസഫ് ഫൊറോനായിൽ കിക്കോഫ്



– മാർട്ടിൻ വിലങ്ങോലിൽ

ഹൂസ്റ്റൺ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ 25-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈയിൽ ഷിക്കാഗോയിൽ നടക്കാനിരിക്കുന്ന ദേശീയ കൺവെൻഷന്റെ രജിസ്ട്രേഷൻ നടപടികൾക്ക് ഹൂസ്റ്റൺ സെന്റ് ജോസഫ് സീറോ മലബാർ കാത്തലിക് ഫൊറോനായിൽ ഉജ്ജ്വല തുടക്കം. സഭയുടെ സിൽവർ ജൂബിലി വർഷത്തിൽ വിശ്വാസികളെ ഒന്നിപ്പിക്കുന്ന ഈ മഹാസംഗമത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുന്നതിനും രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി എത്തിയ കൺവെൻഷൻ പ്രതിനിധികളെ വലിയ ആവേശത്തോടെയാണ് ഇടവക സമൂഹം സ്വീകരിച്ചത്.

രൂപതാ പ്രോക്യുറേറ്ററും ഇടവകയുടെ മുൻ വികാരിയുമായ ഫാ. കുര്യൻ നെടുവേലിചാലുങ്കലിന്റെ നേതൃത്വത്തിലുള്ള കൺവെൻഷൻ ടീമിന് ഇടവക വികാരി ഫാ.സെബാസ്റ്റ്യൻ വലിയപറമ്പിൽ, അസിസ്റ്റന്റ് വികാരി ഫാ.ജോർജ് പാറയിൽ എന്നിവർ ചേർന്ന് ഊഷ്മളമായ വരവേൽപ്പ് നൽകി.

2019ൽ ഹൂസ്റ്റണിൽ വിജയകരമായി നടന്ന കൺവെൻഷന്റെ കൺവീനറും വിജയശില്പിയും കൂടിയായിരുന്ന ഫാ. കുര്യൻ നെടുവേലിചാലുങ്കൽ ചിക്കാഗോ കൺവെൻഷന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും എല്ലാവരെയും ഈ ആത്മീയ സംഗമത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

കൺവെൻഷൻ സെക്രട്ടറി ബീന വള്ളിക്കളം, ഐടി നാഷണൽ ചീഫ് കോർഡിനേറ്റർ ജോർജ് നെല്ലിക്കുന്നേൽ, രജിസ്ട്രേഷൻ കോർഡിനേറ്റർ സണ്ണി വള്ളിക്കളം എന്നിവർ കൺവെൻഷന്റെ രൂപരേഖ അവതരിപ്പിച്ചു. ട്രസ്റ്റിമാരായ പ്രിൻസ് ജേക്കബ്, സിജോ ജോസ്, ജോജോ തുണ്ടിയിൽ, വർഗീസ് കുര്യൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ചടങ്ങിനിടെ തന്നെ അൻപതോളം കുടുംബങ്ങൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയത് ഇടവകാംഗങ്ങളുടെ വലിയ താല്പര്യത്തിന് തെളിവായി.

2026 ജൂലൈ 9 മുതൽ 12 വരെ ഷിക്കാഗോയിലെ വിഖ്യാതമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലാണ് സഭാ സംഗമം അരങ്ങേറുന്നത്. നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ കൺവൻഷൻ സെന്ററാണിത്.

രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി ആഘോഷങ്ങളും ഇതോടൊപ്പം നടക്കും. ആത്മീയ വളർച്ച ലക്ഷ്യമിട്ടുള്ള ക്ലാസുകൾ, ബിസിനസ് മീറ്റുകൾ, യുവജനങ്ങൾക്കും മുതിർന്നവർക്കുമായി പ്രത്യേകം തയ്യാറാക്കിയ ട്രാക്കുകൾ, കലാപരിപാടികൾ, മത്സരങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളാണ് അണിയറയിൽ ഒരുങ്ങുന്നത്.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികൾക്ക് ഒത്തുചേരാനും ആശയവിനിമയം നടത്താനും പ്രവാസി സഭയുടെ വളർച്ചയ്ക്ക് പുതിയ ദിശാബോധം നൽകാനും ഈ കൺവെൻഷൻ വേദിയാകുമെന്ന് രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് സന്ദേശത്തിൽ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി www.syroConvention.org

## അപേക്ഷകരില്ല; ട്രംപിന്റെ ഗോൾഡ് കാർഡ് പദ്ധതി അവതാളത്തിൽ

മുംബൈ: അപേക്ഷ ക്ഷണിച്ച് ഒരു ആഴ്ച കഴിഞ്ഞിട്ടും ആരും വാങ്ങാതെ യു.എസിന്റെ ഗോൾഡ് കാർഡ് വിസ. എച്ച് വൺ ബി വിസ ഫീസ് കുത്തനെ ഉയർത്തിയതിന് പിന്നാലെയാണ് യു.എസ് ഭരണകൂടം ഗോൾഡ് കാർഡ് വിസക്ക് അപേക്ഷ ക്ഷണിച്ചത്. സമ്പന്നരായ ഇന്ത്യക്കാർക്ക് പോലും ഈ വിസ വാങ്ങാൻ താൽപര്യമില്ലെന്നാണ് റിപ്പോർട്ട്. ഗോൾഡ് കാർഡ് വിസക്ക് പകരം യു. എസിൽ നിക്ഷേപം നടത്തുന്നവർക്കുള്ള ഇ ബി 5 വിഭാഗം വിസക്ക് അപേക്ഷ നൽകാനാണ് ഈ രംഗത്തെ വിദഗ്ധർ നൽകുന്ന നിർദേശം.

അപേക്ഷ മാർഗനിർദ്ദേശങ്ങളിലെ അവ്യക്തതയും സ്ഥിര താമസമോ പൗരത്വമോ ഉറപ്പുനൽകാത്തതുമാണ് അപേക്ഷകരുടെ താൽപര്യം കുറയാൻ കാരണമെന്ന് സിങ്കാനിയ ആന്റ് കമ്പനി പ്രൈവറ്റ് ക്ലയന്റ് തലവൻ കേശവ് സിങ്കാനിയ പറഞ്ഞു.

ഇതുവരെ ഒരു അപേക്ഷ പോലും ലഭിച്ചില്ലെന്നും അപേക്ഷക്ക് താൽപര്യം പ്രകടിപ്പിക്കുന്നവരോട് ഇബി 5 വിസ പരിഗണിക്കാനാണ് നിർദേശം നൽകുകയെന്നും പ്രമുഖ ഇമിഗ്രേഷൻ അഭിഭാഷകയായ പൂർവി ചോതാനി പറഞ്ഞു. അപേക്ഷ നൽകിയാൽ നിരവധി കാലം കാത്തിരിക്കേണ്ടതിനാലും നിയമപരവും പ്രായോഗികവുമായ അനിശ്ചിതാവസ്ഥയുള്ളതിനാലും ഈ ഘട്ടത്തിൽ ഇബി1, ഇബി2 വിഭാഗം വിസകളും ആകർഷകമല്ലെന്നും അവർ വ്യക്തമാക്കി.

അതിസമ്പന്നരും വ്യവസായ സംരംഭകരും ഗോൾഡ് കാർഡ് വിസയിൽ താൽപര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും ഭൂരിഭാഗം പേരിൽനിന്നും തുടർനടപടികളുണ്ടായില്ലെന്ന് യു.എസ് ആസ്ഥാനമായുള്ള വിസലോ നാഷനിലെ മാനേജിങ് അറ്റോർണി ശിൽപ മാലിക് പറഞ്ഞു. ഔദ്യോഗികമായി ഒരു അപേക്ഷയും ലഭിച്ചില്ലെന്നും അവർ വ്യക്തമാക്കി.

## ഐ.എ.പി.സി ആൽബെർട്ട ചാപ്റ്റർ– വായനക്കാർ എഴുത്തുകാരെ എങ്ങനെ കാണുന്നു സെമിനാർ

**– ജോസഫ് ജോൺ കാൽഗറി**

കാൽഗറി: ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ് ആൽബെർട്ട ചാപ്റ്റർ സംഘടിപ്പിച്ച വായനക്കാർ എഴുത്തുകാരെ എങ്ങനെ കാണുന്നു എന്ന സെമിനാർ പ്രൊഫ. ഡോ. യു.നന്ദകുമാർ നയിച്ചു.

1891 ൽ പ്രസിദ്ധികരിച്ച സി.വി രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന സാഹിത്യസൃഷ്ടി മുതൽ, 2024 ൽ പ്രസിദ്ധികരിച്ച റിച്ചാർഡ് പവേർസിന്റെ പ്ലേയ് ഗ്രൗണ്ട് എന്ന, ന്യൂ ജെൻസ് ജനറേഷൻ വരെയുള്ള സാഹിത്യസൃഷ്ടിയെ പരാമർശിച്ച സെമിനാർ എല്ലാവരെയും ആകർഷിച്ചു.

പ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകനും ചിന്തകനുമായ പ്രൊഫ. ഡോ.യു.നന്ദകുമാർ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മുഖ്യ നേതൃത്വത്തിൽ ദീർഘകാലം പ്രവർത്തിച്ചു ശാസ്ത്രബോധം, യുക്തിചിന്ത, സാമൂഹിക ഉത്തരവാദിത്തം എന്നിവ ജനങ്ങളിൽ വളർത്താൻ ജീവിതം സമർപ്പിക്കുന്നു.

ചാപ്റ്റർ പ്രസിഡന്റ് ഡോക്ടർ സിനി ജോൺ പ്രൊഫ. ഡോ.യു.നന്ദകുമാറിനെ പരിചയപ്പെടുത്തി. നോബിൾ അഗസ്റ്റിൻ സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

## മരുന്ന് വില കുറയ്ക്കാനൊരുങ്ങി ട്രംപ്; ആശങ്കയിലായി ഇന്ത്യൻ ഫാർമ കമ്പനികൾ

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി.സി: അമേരിക്കയിലെ മരുന്ന് വില കുത്തനെ കുറയ്ക്കുന്നതിനായി പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച 'മോസ്റ്റ് ഫേവേർഡ് നേഷൻ' നയം ഇന്ത്യൻ മരുന്ന് നിർമ്മാണ മേഖലയ്ക്ക് തിരിച്ചടിയായേക്കും. അമേരിക്കയിലെ മരുന്ന് വില മറ്റ് വികസിത രാജ്യങ്ങളിലെ കുറഞ്ഞ നിരക്കിന് തുല്യമാക്കുക എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം.

മരുന്ന് കമ്പനികളുമായും വിദേശ രാജ്യങ്ങളുമാ യും ചർച്ച നടത്തി മരുന്ന് വിലയിൽ 400 മുതൽ 600 ശതമാനം വരെ കുറവ് വരുത്തുമെന്ന് ട്രംപ് അവകാശപ്പെട്ടു.

മരുന്നുകൾ കുറഞ്ഞ നിരക്കിൽ നേരിട്ട് വാങ്ങുന്നതിനായി 'TrumpRx.gov' എന്ന വെബ്സൈറ്റ് ജനുവരി മുതൽ പ്രവർത്തനമാരംഭിക്കും. ഇൻഷുറൻസ് ഇല്ലാത്തവർക്കും ഇത് പ്രയോജനപ്പെടും.അമേരിക്കയിലേക്ക് ഏറ്റവും കൂടുതൽ ഗുളികകളും ജനറിക് മരുന്നുകളും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പുതിയ നയം മരുന്ന് കമ്പനികളുടെ ലാഭവിഹിതത്തെ സാരമായി ബാധിച്ചേക്കാം. മരുന്ന് വില കുറയ്ക്കാൻ തയ്യാറാകാത്ത വിദേശ രാജ്യങ്ങൾക്കെതിരെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. അമേരിക്കൻ വിപണിയെ ഏറെ ആശ്രയിക്കുന്ന സൺ ഫാർമ, ഡോ. റെഡ്ഡീസ് തുടങ്ങിയ പ്രമുഖ ഇന്ത്യൻ കമ്പനികൾക്ക് ട്രംപിന്റെ ഈ നീക്കം വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

11 January - **National Human Trafficking Awareness Day**

It is observed on 11 January to spread awareness about the persistent issue of human trafficking. This day aims is to raise awareness about the plight of human trafficking victims, as well as to promote and protect their rights.

## ശ്രീനിവാസന്റെ നിര്യാണത്തിൽ ഇന്ത്യാ പ്രസ് ക്ലബ് ഹൂസ്റ്റൺ ചാപ്റ്റർ അനുശോചിച്ചു




**– അജു വാരിക്കാട്**

ഹൂസ്റ്റൺ: മലയാള ചലച്ചിത്ര ലോകത്തെ അതുല്യ പ്രതിഭയും തിരക്കഥാകൃത്തും നടനും സംവിധായകനുമായ ശ്രീനിവാസന്റെ നിര്യാണത്തിൽ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഹൂസ്റ്റൺ ചാപ്റ്റർ അനുശോചനം രേഖപ്പെടുത്തി.

ഡിസംബർ 19ന് ചേർന്ന ചാപ്റ്ററിന്റെ വാർഷിക പൊതുയോഗത്തിന് ശേഷമാണ് ഏവരെയും വേദനിപ്പിച്ച വിയോഗവാർത്ത എത്തിയത്. വാർത്ത അറിഞ്ഞയുടൻ പ്രസിഡണ്ട് സൈമൺ വളച്ചേരിൽ, സെക്രട്ടറി മോട്ടി മാത്യു, ഭാരവാഹികളായ ജീമോൻ റാന്നി, അനിൽ ആറന്മുള, ഫിന്നി രാജു, ജോയ് തുമ്പമൺ എന്നിവർ ചേർന്ന് ചാപ്റ്ററിനുവേണ്ടി സംയുക്തമായി അനുശോചനം അറിയിച്ചു.

മലയാള സിനിമയിൽ ഹാസ്യത്തിലൂടെ സാമൂഹിക വിമർശനം നടത്തുന്നതിൽ അദ്വിതീയനായിരുന്നു ശ്രീനിവാസൻ എന്ന് അനുശോചന സന്ദേശത്തിൽ ഭാരവാഹികൾ അനുസ്മരിച്ചു. സാധാരണക്കാരന്റെ പ്രശ്നങ്ങളും, മലയാളിയുടെ കപട സദാചാരബോധവും, രാഷ്ട്രീയത്തിലെ ജീർണ്ണതകളും അദ്ദേഹം തന്റെ തൂലികയിലൂടെയും അഭിനയത്തിലൂടെയും വെള്ളിത്തിരയിൽ എത്തിച്ചു. തിരക്കഥ എന്ന സൗന്ദര്യത്തെ ഘടനാപരവും വ്യക്തമായ കാഴ്ചപ്പാടോടും അവതരിപ്പിച്ച ശ്രീനിവാസന്റെ എഴുത്തിന്റെ മൂർച്ച മലയാള സിനിമയ്ക്ക് എന്നും മുതൽക്കൂട്ടായിരുന്നു. സാധാരണ മനുഷ്യരുടെ ജീവിതത്തിന്റെ നിസ്സഹായതകളും സങ്കടങ്ങളും അസാധാരണ മിഴിവോടെ ആവിഷ്കരിച്ച മഹാനടന്റെ വിയോഗം മലയാള സിനിമയ്ക്ക് കനത്ത നഷ്ടമാണെന്നും പ്രസ് ക്ലബ് ഭാരവാഹികൾ അഭിപ്രായപ്പെട്ടു.

## കാനഡ മാർത്തോമ്മാ ഭദ്രാസനത്തിൽ സഭാ ദിനാചരണം നടന്നു



**– പി.പി ചെറിയാൻ**

ന്യൂയോർക്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 21 ഞായറാഴ്ച സഭാ ദിനമായി ആചരിച്ചു. സഭയുടെ പരമാധ്യക്ഷൻ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത നൽകിയ 170–ാം നമ്പർ സർക്കുലർ പ്രകാരമാണ് നോർത്ത് അമേരിക്ക കാനഡ മാർത്തോമ്മാ ഭദ്രാസനത്തിലെ ഇടവകകളിൽ ക്രമീകരണങ്ങൾ നടത്തിയത്.

ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായെ സ്മരിക്കുന്നതിനും സഭയുടെ വിവിധ ശുശ്രൂഷകൾക്കായി പ്രാർത്ഥിക്കുന്നതിനുമായാണ് ഈ ദിനം നീക്കിവെച്ചിരിക്കുന്നത്.

സഭ ക്രിസ്തുവിന്റെ മാർഗ്ഗം എന്നതായിരുന്നു ഈ വർഷത്തെ സഭാ ദിന പ്രമേയം.

എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനയും പ്രത്യേക പ്രാർത്ഥനകളും നടന്നു. അയൽ ഇടവകകളുമായി ചേർന്ന് സംയുക്ത ആരാധനകളും ധ്യാനയോഗങ്ങളും ഈ ദിനത്തിൽ സംഘടിപ്പിക്കപ്പെട്ടു.

സഭാ ദിനത്തിലെ ആരാധനയിൽ ലഭിച്ച സ്തോത്രകാഴ്ചകൾ സഭയുടെസെന്റ് തോമസ് എപ്പിസ്കോപ്പൽ ഫണ്ടിലേക്ക്മാറ്റിവെച്ചു.

ക്രിസ്തുവിന്റെയും ക്രൂശിന്റെയും വഴിയിൽ സഞ്ചരിക്കുന്ന ഉന്മേഷദായകമായ ഒരു സഭയായി വളരാൻ ഈ ദിനാചരണം വിശ്വാസികളെ ആഹ്വാനം ചെയ്തു. ദൗത്യമേഖലകളിൽ പുതുവീക്ഷണത്തോടെ വിശ്വസ്തരായ കാര്യവിചാരകരായി സേവനംചെയ്യാൻ പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തട്ടെ എന്ന പ്രാർത്ഥനയോടെ സഭാ ദിനാചരണം സമാപിച്ചു.

## കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് 10ന് തുടക്കം

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ 50–ാം വാർഷികാഘോഷങ്ങൾക്കും ക്രിസ്മസ് പുതുവത്സര പരിപാടികൾക്കും ജനുവരി 10ന് തുടക്കമാകും. ഗാർലൻഡിലെ എം.ജി.എം ഓഡിറ്റോറിയത്തിൽ വെച്ച് വൈകുന്നേരം 6 മണി മുതൽ 8.30 വരെയാണ് ചടങ്ങുകൾ സംഘടിപ്പിച്ചിരിക്കുന്നത്. ചടങ്ങിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ഷിജു അബ്രഹാമിന്റെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതി ചുമതലയേൽക്കും.

ഇന്ത്യൻ കായികരംഗത്തെ ഇതിഹാസ ദമ്പതികളായ പത്മശ്രീ ഷൈനി വിത്സനും വിത്സൻ ചെറിയാനുമാണ് ഈ ആഘോഷ പരിപാടികളിലെ മുഖ്യാതിഥികൾ. ഒളിമ്പ്യനും അർജുന അവാർഡ് ജേതാവുമായ ഷൈനി വിത്സനും, മുൻ അന്താരാഷ്ട്ര നീന്തൽ താരവും അർജുന അവാർഡ് ജേതാവുമായ വിത്സൻ ചെറിയാനും പങ്കെടുക്കുന്നത് സുവർണ്ണ ജൂബിലി വർഷത്തിന് ഏറെ മാറ്റുകൂട്ടുമെന്നു പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ പറഞ്ഞു.

ആർട്ട് ഡയറക്ടർ സുബി ഫിലിപ്പ്, ട്രഷറർ ദീപക് നായർ എന്നിവരുടെ നേതൃത്വത്തിൽ ഡാളസ്സിലെ വിവിധ കലാ സാംസ്കാരിക സംഘടനകൾ അവതരിപ്പിക്കുന്ന വൈവിധ്യമാർന്ന കലാപരിപാടികൾ, കരോൾ ഗീതങ്ങൾ എന്നിവയോടെയാണ് അസോസിയേഷന്റെ 50 വർഷങ്ങളുടെ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയെന്നു സെക്രട്ടറി മൻജിത് കൈനിക്കര അറിയിച്ചു.

# സാജ് കാവിന്റെ അരികത്ത് ഫോക്കാന നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു



ഫ്ലോറിഡയിൽ നിന്ന് സാജ് കാവിന്റെ അരികത്ത്ഫോക്കാന 2026-2028 കാലഘട്ടത്തെ നാഷണൽ കമ്മിറ്റിയിലേക്ക് ചേരാൻ തയ്യാറെടുക്കുന്നു. തെയ്യങ്ങളുടെയും കാവുകളുടെയും നാടായ കണ്ണൂരിന്റെ പാരമ്പര്യത്തിൽ വളർന്ന സാജ്, ഇന്ത്യയിൽ നിന്ന് പോസ്റ്റ്ഗ്രാജുവേഷൻ പൂർത്തിയാക്കിയശേഷം ഔദ്യോഗിക ജീവിതത്തിലേക്ക് പ്രവേശിച്ചു. ബോംബെയിലെ പ്രമുഖ കേന്ദ്രസർക്കാർ സ്ഥാപനത്തിലെ സ്ഥിരം ജോലി ഉപേക്ഷിച്ചാണ് അദ്ദേഹം അമേരിക്കയിലേക്കുള്ള വഴി തെരഞ്ഞെടുത്തത്.

കേരള സർക്കാർ ഉദ്യോഗസ്ഥരുടെ മകനായി ജനിച്ച സാജ്, കണ്ണൂരിന്റെ സമൃദ്ധമായ അനുഷ്ഠാനകലകളും രാഷ്ട്രീയ ചുറ്റുപാടുകളും നേരിട്ട് അനുഭവിച്ചിട്ടാണ് സാമൂഹ്യ പ്രവർത്തനത്തിലേക്ക് ആകൃഷ്ടനായത്.

നിലവിലെ ഫോക്കാന സൺഷൈൻ റീജിയൻ ആർ.വി.പി ലിന്റോ ജോളിയുമായി അടുത്ത സൗഹൃദം പുലർത്തുന്ന സാജിന്, ചരിത്രപരമായി മാറ്റങ്ങൾ പ്രതിഫലിച്ച ഫോക്കാന ഫ്ലോറിഡ റീജിയണൽ ഇന്നോഗ്രേഷന്റെ വിജയത്തിനു വേണ്ടി ലിന്റോ ജോളിയോടൊപ്പം പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

ഐടി പ്രൊഫഷണലായ സാജ്, കഴിഞ്ഞ 15 വർഷമായി അമേരിക്കയിൽ താമസിക്കുന്നു. സംവാദങ്ങൾ സംഘടിപ്പിക്കുകയും അവയിൽ പങ്കെടുത്ത് സമൂഹസേവനത്തിനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പത്ര എഴുത്ത് അദ്ദേഹം ഒരു ഹോബിയായി കരുതുന്നു. നിലവിൽ സാജ് കാവിന്റെ അരികത്ത്, ഫോക്കാന മെൻസ് ഫോറം കോചെയർ ആയി സേവനം അനുഷ്ഠിക്കുന്നു.

# ഇന്ത്യൻ ക്രൈസ്തവർ: ഇന്നലെ, ഇന്ന്, നാളെ സെമിനാർ സംഘടിപ്പിച്ചു



**- പി പി ചെറിയാൻ**

ഡാലസ്: ക്രിസ്ത്യൻ അപ്പോളജറ്റിക്സ് ഡാലസിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ ക്രൈസ്തവർ: ഇന്നലെ, ഇന്ന്, നാളെ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

18 വ്യാഴാഴ്ച വൈകിട്ട് 7ന് ഡാലസ് സെന്റ് പോൾസ് മാർത്തോമ്മ ദേവാലയത്തിൽ നടന്ന പരിപാടിയിൽ പ്രമുഖ പ്രഭാഷകനും എഴുത്തുകാരനുമായ റവ. ഡോ. ജോൺസൺ തേക്കടയിൽ മുഖ്യ പ്രഭാഷണം നടത്തി. ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രപരമായ പശ്ചാത്തലവും വർത്തമാനകാല വെല്ലുവിളികളും സെമിനാറിൽ ചർച്ചയായി. ഒക്ലഹോമയിൽ നിന്നും എത്തിയ മണിപ്പൂർ സ്വദേശിയും ലവ് മിനിസ്ട്രി പാസ്റ്ററുമായ ഡോ. സായി ടൗത്ഹങ് തന്റെ കുടുംബാംഗങ്ങൾ അനുഭവിച്ച പീഡനങ്ങളെ കുറിച്ച് വിശദീകരിച്ചു.

പി.പി. ചെറിയാൻ സ്വാഗതം പറഞ്ഞു. റവ. റെജിൻ രാജു അധ്യക്ഷത വഹിച്ചു. ബ്രദർ പ്രശാന്ത് ഡേവിഡ് പ്രഭാഷകനെ പരിചയപ്പെടുത്തി.

കെ.സി.ഇ.എഫ് സെക്രട്ടറി അലക്സ് അലക്സാണ്ടർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ചടങ്ങിൽ വെച്ച് മുഖ്യാതിഥിയായ റവ. ഡോ. ജോൺസൺ തേക്കടയിലിനെ നോർത്ത് അമേരിക്ക മാർത്തോമാ ഭദ്രാസന കൗൺസിൽ അംഗം ഷാജി രാമപുരം ആദരിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു.

വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളിൽ നിന്നുള്ള ഒട്ടേറെ വിശ്വാസികൾ പരിപാടിയിൽ പങ്കെടുത്തു. തോമസ് ജോർജ് (തമ്പി) നന്ദി രേഖപ്പെടുത്തി. റവ. റെജിൻ സുകു അച്ചന്റെ പ്രാർഥനക്കും ആശീർവാദത്തിനും ശേഷം സെമിനാർ സമാപിച്ചു

# മൂന്നു വയസ്സുകാരന് പരിക്കേറ്റ സംഭവം: സ്കൂളിനെതിരെ മാതാപിതാക്കൾ കേസ് ഫയൽ ചെയ്തു

**- പി പി ചെറിയാൻ**

ഡാളസ് കൗണ്ടി: റോക്ക്വാളിലെ ഗാലക്സി റാഞ്ച് പ്രൈവറ്റ് സ്കൂളിൽ വെച്ച് 3 വയസ്സുള്ള മകന് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ മാതാപിതാക്കൾ സിവിൽ കേസ് ഫയൽ ചെയ്തു. അലക്ഷ്യമായ ശിക്ഷണ നടപടികളും മതിയായ മേൽനോട്ടമില്ലായ്മയുമാണ് തങ്ങളുടെ മകന് ജീവൻ തന്നെ അപകടത്തിലാക്കുന്ന തരത്തിലുള്ള തലയ്ക്ക് പരിക്കേൽക്കാൻ കാരണമായതെന്ന് ടോണി, കെയ്ഷാ സോണ്ടേഴ്സ് ദമ്പതികൾ ഡാളസ് കൗണ്ടി കോടതിയിൽ സമർപ്പിച്ച ഹർജിയിൽ ആരോപിച്ചു.

2024 മാർച്ചിലാണ് കുട്ടിക്ക് പരിക്കേറ്റത്. തലയോട്ടിക്ക് പൊട്ടൽ, തലച്ചോറിൽ ആന്തരിക രക്തസ്രാവം, ഗുരുതരമായ മസ്തിഷ്ക പരിക്ക് എന്നിവയേറ്റ കുട്ടിക്ക് അടിയന്തര ചികിത്സയും ആശുപത്രിവാസവും ആവശ്യമായി വന്നു.

ക്ലാസ് മുറിയിൽ പാൽ മറിഞ്ഞതുമായി ബന്ധപ്പെട്ടാണ് സംഭവം തുടങ്ങിയതെന്നും, ഒരു കെയർ ടേക്കർ കുട്ടിയെ പിടിച്ച് മാറ്റിയപ്പോൾ തല ബാത്ത്റൂമിന്റെ വാതിലിൽ ഇടിക്കുകയായിരുന്നുവെന്നും ഹർജിയിൽ പറയുന്നു.

തലയ്ക്ക് പരിക്കേറ്റതിന് ശേഷം ഒരു മണിക്കൂറോളം കഴിഞ്ഞാണ് കുട്ടിയെ ആശുപത്രിയിൽ എത്തിച്ചതെന്നും, ഈ സമയത്ത് കെയർ ടേക്കർ കുട്ടിയുടെ തലയിൽ പലതവണ പുതപ്പിടുകയും ഉറക്കാൻ ശ്രമിക്കുകയും ചെയ്തതായി സിസിടിവി ദൃശ്യങ്ങൾ ഉദ്ധരിച്ച് പരാതിയിൽ പറയുന്നു. കുട്ടി പ്രതികരിക്കാതെ വന്നപ്പോഴാണ് അടിയന്തര സഹായത്തിനായി വിളിച്ചത്.

സംഭവവുമായി ബന്ധപ്പെട്ട് കെയർ ടേക്കറായ ജെയ്ഡൻ ഗ്രേസ് ലെസ്ലിയെ കുട്ടിയെ പരിക്കേൽപ്പിച്ചതിന് അറസ്റ്റ് ചെയ്തിരുന്നു.


സംഭവത്തിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും കുട്ടിക്ക് മെഡിക്കൽ പ്രശ്നങ്ങൾ കണ്ടപ്പോൾ തന്നെ 911ൽ വിളിക്കുകയും മാതാപിതാക്കളെ അറിയിക്കുകയും ചെയ്തെന്നാണ് സ്കൂൾ അധികൃതരുടെ വിശദീകരണം. കൂടാതെ, കുട്ടിക്ക് സ്കൂളിൽ വെച്ചാണ് പരിക്കേറ്റതെന്നതിന് തെളിവില്ലെന്നും, സ്കൂളിൽ എത്തുന്നതിന് മുൻപേ പരിക്കേൽക്കാൻ സാധ്യതയുണ്ടെന്നും അവർ പറയുന്നു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സ്കൂളിന് വീഴ്ച പറ്റിയെന്ന് അഭിഭാഷകൻ പറഞ്ഞു. ഒരു മില്യൺ ഡോളറിലധികം നഷ്ടപരിഹാരമാണ് മാതാപിതാക്കൾ ആവശ്യപ്പെടുന്നത്.

# എക്യുമെനിക്കൽ പ്രസിദ്ധീകരണമായ ഫോക്കസ് ഓൺലൈൻ മാസിക പ്രസിദ്ധീകരിച്ചു

**- ലാൽ വർഗീസ്, ഡാളസ്**

ഡാളസ്: ലോകമെമ്പാടുമുള്ള ഇന്ത്യൻ ക്രൈസ്തവ പ്രവാസി സമൂഹത്തിന്റെ സ്വതന്ത്ര ഏക്യുമെനിക്കൽ പ്രസിദ്ധീകരണമായഫോക്കസ്ഓൺലൈൻ മാസികയുടെ 2026 ജനുവരി ലക്കം പ്രസിദ്ധീകരിച്ചു. 2013 ഏപ്രിൽ മുതൽ മുടങ്ങാതെ പുറത്തിറങ്ങുന്ന ഈ ത്രൈമാസ ജേർണൽ, പ്രവാസി ക്രൈസ്തവ ചരിത്രത്തിലെ സുപ്രധാനമായ ഒരു ചുവടുവെപ്പാണ്.





2025 ഡിസംബർ 27ന് പത്താം ചരമവാർഷികം ആചരിക്കുന്ന പരേതനായ സഖറിയാസ് തിരുമേനിയുടെ ഇടയശുശ്രൂഷാ പൈതൃകത്തെക്കുറിച്ചുള്ള വിപുലമായ അവലോകനമാണ് ഈ പതിപ്പിന്റെ മുഖ്യ ആകർഷണം.

ആലുവയിലെ ശാന്തിഗിരി ആശ്രമത്തിൽ പുതുതായി സ്ഥാപിതമായ ഡയസ്പോറ സെന്ററിനെക്കുറിച്ചുള്ള പ്രത്യേക ഫീച്ചറും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവാസി വിശ്വാസികൾക്ക് കേരളത്തിന്റെ തനിമയും മാർത്തോമാ സഭയുടെ പൈതൃകവും നേരിട്ടറിയാൻ സഹായിക്കുന്ന ഒരു കേന്ദ്രമായി ഇത് പ്രവർത്തിക്കും.

1990കളിൽ ഇംഗ്ലണ്ടിൽ മാർത്തോമാ സഭയിലെ വിശ്വാസികൾക്കായി രൂപംകൊണ്ട ലേയ് പ്രസ്ഥാനമാണ്ഫോക്കസ്. ആധുനിക കാലഘട്ടത്തിൽ വിശ്വാസത്തിൽ നിന്ന് അകന്നുപോകുന്ന തലമുറകളെ സഭയുടെ ആത്മസത്തയുമായി ബന്ധിപ്പിക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

ക്രൈസ്തവബോധവും ഐക്യവും വളർത്തുന്നതിനൊപ്പം മതസഹിഷ്ണുത പ്രോത്സാഹിപ്പിക്കാനും ഈ ഓൺലൈൻ ജേർണൽ ശ്രമിക്കുന്നു. വായനക്കാർക്ക് മാസിക ഓൺലൈനായി വായിക്കാനും പി.ഡി.എഫ് രൂപത്തിൽ ഡൗൺലോഡ് ചെയ്യാനുമുള്ള സൗകര്യം ലഭ്യമാണ്. സമയപരിധിക്കുള്ളിൽ തന്നെ പുതിയ ലക്കം പുറത്തിറക്കാൻ സഹായിച്ച വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും എഡിറ്റോറിയൽ ബോർഡിന്റെ നന്ദി.

12 January – **National Youth Day**

The birth anniversary of Swami Vivekananda also called Swami Vivekananda Jayanti is celebrated every year on 12 January. He was born on 12 January 1863. The government had decided to observe it as Rashtriya Yuva Diwas because the philosophy of Swamiji and the ideals for which he lived and worked could be a great source of inspiration for the Indian Youth. He had given a speech at the Parliament of the World's Religions in Chicago and glorified India's name.

13 January - **Lohri Festival**

Lohri is the first festival of the year which marks the beginning of the harvest season. It is celebrated with full enthusiasm in northern India, mainly Punjab, and Haryana. Lohri festival is celebrated on 13 or 14 January by lighting up a bonfire and dancing around it with friends and relatives. Wheat stalk, rice, rewri, jaggery, and popcorn are offered by the people at the bonfire.

## ആരോഗ്യ ഇൻഷുറൻസ് സബ്സിഡി നീട്ടുന്നതിന് വോട്ടെടുപ്പ് ഉണ്ടാകില്ലെന്ന് യു.എസ്. ഹൗസ് സ്പീക്കർ

- പി.പി ചെറിയാൻ



വാഷിംഗ്ടൺ ഡി.സി.: കുറഞ്ഞ വരുമാനമുള്ള നിരവധി അമേരിക്കക്കാർ ഉപയോഗിക്കുന്ന ആരോഗ്യ ഇൻഷുറൻസ് സബ്സിഡികൾ നീട്ടുന്നതിനായി ഹൗസിൽ വോട്ടെടുപ്പ് നടത്തില്ലെന്ന് യു.എസ്. ഹൗസ് സ്പീക്കർ മൈക്ക് ജോൺസൺ പ്രഖ്യാപിച്ചു. ഈ സബ്സിഡികൾ ഈ വർഷാവസാനം അവസാനിക്കാൻ ഒരുങ്ങുകയാണ്.

സ്പീക്കറുടെ ഈ തീരുമാനത്തോടെ, കോടിക്കണക്കിന് അമേരിക്കക്കാർക്ക് ആരോഗ്യ ഇൻഷുറൻസ് പ്രീമിയങ്ങളിൽ വർധനവുണ്ടാകുമെന്ന് ഏകദേശം ഉറപ്പായി.

സബ്സിഡികൾ നീട്ടുന്നതിന് പ്രതിവർഷം ഏകദേശം 3,500 കോടി ഡോളർ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. ഈ ഭീമമായ ചെലവ് കുറയ്ക്കുന്നതിനായി മറ്റ് ചെലവുകൾ വെട്ടിച്ചുരുക്കണമെന്ന് ജോൺസൺ ആവശ്യപ്പെട്ടു.

കോവിഡ് കാലത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള താൽക്കാലിക പരിഹാരം മാത്രമാണ് ഈ സബ്സിഡികളെന്നും, ഇത് സ്ഥിരമായി നിലനിർത്തേണ്ടതില്ലെന്നുമാണ് റിപ്പബ്ലിക്കൻ പാർട്ടിയുടെ നിലപാട്.

35 ബില്യൺ ഡോളർ ചെലവ് വരുന്ന ആനുകൂല്യങ്ങൾ എങ്ങനെ നീട്ടണം എന്ന കാര്യത്തിൽ മിതവാദികളായ റിപ്പബ്ലിക്കൻമാരുമായി ഒരു ഒത്തുതീർപ്പിലെത്താൻ കഴിഞ്ഞില്ലെന്ന് ജോൺസൺ റിപ്പോർട്ടർമാരോട് പറഞ്ഞു.

സബ്സിഡി നീട്ടാതിരിക്കുന്നത് സാധാരണ അമേരിക്കക്കാർക്ക് ആരോഗ്യ പരിപാലന ചെലവിൽ വലിയ വർധനവുണ്ടാക്കുമെന്ന് ഡെമോക്രാറ്റുകൾ വാദിക്കുന്നു.

ന്യൂയോർക്ക് കോൺഗ്രസ് അംഗം മൈക്ക് ലോലർ ഉൾപ്പെടെയുള്ള ചില റിപ്പബ്ലിക്കൻമാർ ഈ തീരുമാനത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി. ഭരണം കയ്യാളുന്ന പാർട്ടിക്ക് ആരോഗ്യ പ്രീമിയം വർധിക്കാൻ അനുവദിക്കാനാവില്ലെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. ഒബാമകെയർ ഉപയോഗിക്കുന്നവരിൽ നാലിൽ മൂന്ന് പേരും ഡൊണാൾഡ് ട്രംപ് വിജയിച്ച സംസ്ഥാനങ്ങളിലാണ്. എല്ലാവരും ആരോഗ്യ പരിപാലന സംവിധാനം എങ്ങനെ നന്നാക്കാം എന്ന് നോക്കണം,ലോലർ പറഞ്ഞു.

സബ്സിഡികൾ നീട്ടുന്നതിനായി ഡെമോക്രാറ്റുകൾ കൊണ്ടുവരുന്ന ഒരു ഡിസ്ചാർജ് പെറ്റീഷൻ(വോട്ടെടുപ്പിനായി സഭയിൽ അവതരിപ്പിക്കാനുള്ള നീക്കം) ചില റിപ്പബ്ലിക്കൻമാർ പിന്തുണച്ചേക്കാം. എന്നാൽ ഈ ആഴ്ചയോടെ ഹൗസ് അംഗങ്ങൾ അവധിക്കായി പിരിയുന്നതിനാൽ, വോട്ടെടുപ്പ് നടന്നാൽ പോലും അടുത്ത വർഷത്തേക്ക് നീണ്ടുപോകാൻ സാധ്യതയുണ്ട്.

## ലോംഗ് ബീച്ചിലെ പ്രമുഖ ഇന്ത്യൻ റസ്റ്റോറന്റ് ഉടമയെ ഐസിഇ കസ്റ്റഡിയിലെടുത്തു: ഗ്രീൻ കാർഡ് അപേക്ഷക്കിടെ തടങ്കലിൽ

- പി പി ചെറിയാൻ

കാലിഫോർണിയ: ലോംഗ് ബീച്ചിലെ ബെൽമോണ്ട് ഷോർ പ്രദേശത്തെ പ്രശസ്തമായ നട്രാജ് ക്യുസൈൻ ഓഫ് ഇന്ത്യറസ്റ്റോറന്റ് 1ന്റെ ഉടമയായ ബബിൾജിത് ബബ്ലികൗർ (60) ഇമിഗ്രേഷൻ കസ്റ്റഡിയിൽ.

ഗ്രീൻ കാർഡ് അപേക്ഷയുമായി ബന്ധപ്പെട്ട് ഡിസംബർ 1ന് ബയോമെട്രിക്സ് സന്ദർശനത്തിനെത്തിയപ്പോഴാണ് ഫെഡറൽ ഏജന്റുമാർ ഇവരെ കസ്റ്റഡിയിലെടുത്തത്.

20 വർഷത്തിലേറെയായി ഭർത്താവിനൊപ്പം റസ്റ്റോറന്റ് നടത്തിവരുന്ന കൗറിനെ നിലവിൽ വിക്ടോർവില്ലെയ്ക്ക് സമീപമുള്ള അഡെലാന്റോ ഐസിഇപ്രോസസ്സിംഗ് സെന്ററിലാണ് പാർപ്പിച്ചിരിക്കുന്നത്.

30 വർഷത്തിലേറെയായി ലോംഗ് ബീച്ച് സമൂഹത്തിൽ സജീവമായിരുന്ന കൗറിന് ക്രിമിനൽ പശ്ചാത്തലമില്ലെന്ന് കുടുംബം പറയുന്നു. നിയമപരമായ സ്ഥിര താമസത്തിനായുള്ള അപേക്ഷയുടെ അവസാന ഘട്ടമായിരുന്നു ബയോമെട്രിക് അപ്പോയിന്റ്മെന്റ്.

ലോംഗ് ബീച്ച് പ്രതിനിധിയായ കോൺഗ്രസ് അംഗം റോബർട്ട് ഗാർഷ്യ കൗറിനെ മോചിപ്പിക്കാൻ അധികാരികളോട് ആവശ്യപ്പെടുകയും കേസ് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. നിയമപരമായ ചെലവുകൾക്കായി ആരംഭിച്ച ഗോ ഫണ്ട് മീ കാമ്പെയ്ൻ വഴി ഒരാഴ്ചയ്ക്കുള്ളിൽ 22,000ൽ അധികം ഡോളർ തുക സമാഹരിച്ചു.

## ഫിയാക്കോനയുടെ നേതൃത്വത്തിൽ ന്യൂയോർക്കിൽ സിൽവർ ജൂബിലി ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു






അമേരിക്കയിലെയും കാനഡയിലെയും ക്രൈസ്തവ സഭകളുടെ സംയുക്ത സമിതിയായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് ഓഫ് നോർത്ത് അമേരിക്ക (ഫിയാക്കോന) യുടെ സിൽവർ ജൂബിലി ക്രിസ്തുമസ് ആഘോഷം ഡിസംബർ 13 ശനിയാഴ്ച ന്യൂയോർക്കിൽ നടന്നു. വാലി സ്ട്രീമിലുള്ള ഗേറ്റ് വേ ക്രിസ്ത്യൻ സെന്ററിൽ രാവിലെ 10 മണിക്ക് ആരംഭിച്ച ചടങ്ങ് മലങ്കര സിറിയൻ ക്നാനായ സഭയുടെ നോർത്ത് അമേരിക്കൻ റീജിയൻ മെത്രോപ്പോലീത്ത ബിഷപ്പ് ഡോ. അയൂബ് മാർ സിൽവാനോസ് ഉദ്ഘാടനം ചെയ്തു.

ഇവാഞ്ചലിക്കൽ ചർച്ച് മലബാർ ബിഷപ്പ് കമ്മീഷനറിയും ക്രിസ്ത്യൻ അപ്പോളജിസ്റ്റും പ്രഭാഷകനുമായ റവ.ഫാദർ ഡോ.ജോൺസൻ തേക്കടിയിൽ ക്രിസ്തുമസ് സന്ദേശം നൽകി. വിവിധ സഭകളെ പ്രതിനിധീകരിച്ചു വിശ്വാസികളും പുരോഹിതരും, അമേരിക്കയിലെ ഇന്ത്യൻ ക്രിസ്ത്യൻ കമ്മ്യൂണിറ്റി നേതാക്കളും അമേരിക്കയുടെ വിവിധ സ്റ്റേറ്റുകളിൽ നിന്നും ഫിയക്കൊന പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു.

ഫിയാക്കോന സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളിൽ സംഘടനയെ നയിക്കുകയും പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്ത മുതിർന്ന നേതാക്കളായ കോശി ജോർജ്, ജോർജ് എബ്രഹാം, പാസ്റ്റർ. ഇട്ടി ജേക്കബ്, റവ. വി.കെ മക്വാന, റവ. ജെത്വീന്ദർ ഗിൽ, തോമസ് മൊട്ടക്കൽ, ഡേവിഡ് ബാബു, പാസ്റ്റർ വിൽസൺ ജോസ്, റവ.സണ്ണി ഫിലിപ്പ്, റവ. സാം ജോഷ്വാ എന്നിവർക്കുള്ള പുരസ്കാരം ബിഷപ്പ് ഡോ.അയൂബ് മാർ സിൽവാനോസ് സമ്മാനിച്ചു. ഗേറ്റ് വെക്രിസ്ത്യൻ ചർ ച്ച്, ന്യൂയോർക് ബെത്ലെഹേം പഞ്ചാബി ചർച്ച് ഗായക സംഘങ്ങൾ ചടങ്ങിൽ വർഷിപ്പ് സർവീസിനു നേതൃത്വം നൽകി.

ഫിയക്കൊന പ്രസിഡന്റ് ബിമൽ ജോൺ, അഡ്വക്കസി ഡയറക്ടർ സ്റ്റാൻലി ജോർജ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ജോർജ് ചാക്കോ, പോൾ വർക്കി, പാസ്റ്റർ മാർക്ക് ഹോക്കിപ് എന്നിവർ പ്രസംഗിച്ചു. ഫിയക്കൊന എക്സിക്യൂട്ടീവ് അംഗം വർഗീസ് എബ്രഹാം സ്വാഗതവും ഓപ്പറേഷൻസ് ഡയറക്ടർ സാം തോമസ് നന്ദിയും പറഞ്ഞു. ഫിയാക്കോനയുടെ സിൽവർ ജൂബിലി വർഷത്തിൽ പീഡനമനുഭവിക്കുന്ന ക്രൈസ്തവർക്ക് സാഹോദര്യം എന്ന ആശയത്തിലൂന്നിയാണ് സുവർണ്ണ ജൂബിലി ക്രിസ്തുമസ് ആഘോഷ പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിന് ശേഷം ഫെല്ലോഷിപ്പ് ലഞ്ചും ഒരുക്കിയിരുന്നു.

## കെ.എ.സി.റ്റിയിൽ മാറ്റത്തിന്റെ ജാലകം തുറക്കാൻ ടീം ജാലകം: കണക്റ്റിക്കട്ട് മലയാളികളുടെ കൂട്ടായ്മയ്ക്ക് പുതിയ ദിശ

കണക്റ്റിക്കട്ടിലുള്ള മലയാളികളുടെ ശബ്ദമാകാൻ, അവരുടെ ഹൃദയത്തുടിപ്പു നെഞ്ചിലേറ്റിക്കൊണ്ട്, അവരുടെ ആശയങ്ങളും, ആഗ്രഹങ്ങളും പങ്കു വെക്കാനും നടപ്പിലാക്കാനും പറ്റുന്ന ഒരു വേദി ആക്കി കെ.എ.സി.ടിയെ മാറ്റുക എന്ന ദീർഘ വീക്ഷണവുമായി, നാൻസി ആന്റണിയുടെയും, റോണി ജോസഫിന്റെയും നേതൃത്വത്തിൽ മത്സരിക്കുന്നു.

കെ.എ.സി.ടിയെ മലയാളിയുടെ ഗൃഹാതുരത്വം തുളുമ്പുന്ന ഒരു സ്ഥലം ആക്കി മാറ്റുക എന്നതാണ് ജാലകത്തിലൂടെ വിഭാവനം ചെയ്യുന്നത്. പുതിയ തലമുറയുടെ നേതൃശേഷിയും വ്യക്തിവികസനവും, കലാസാംസ്കാരിക കൂട്ടായ്മയും, കമ്മ്യൂണിറ്റിക്കു വേണ്ടുന്ന സഹായങ്ങളും, മാർഗനിർദേശങ്ങളും ആണ് ടീം ജാലകത്തിന്റ ലക്ഷ്യം. കൃഷിയിൽ ഊന്നിയുള്ള കമ്മ്യൂണിറ്റി പ്രവർത്തനങ്ങളും ടീം ജാലകത്തിന്റെ കാഴ്ചപ്പാടിൽ ഉണ്ട്.

വ്യക്തമായ കാഴ്ചപ്പാടുള്ള, ആശയങ്ങളെ നടപ്പിലാക്കാൻ കഴിവുള്ള, സാമൂഹിക സേവനത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള പ്രബുദ്ധരായ ഒരു ലീഡർഷിപ്പ് ടീം അന്ന് ജാലകത്തിന്റെ മാറ്റുരക്കുന്നത്.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് കോളേജിലേക്കു ള്ള മാർഗനിർദേശങ്ങൾ നൽക്കുന്ന രജനി സുബ്രമണ്യൻ, കല മേഖലയിൽ മുന്നിട്ടു നിൽക്കുന്ന ഒരു വ്യക്തി ആണ്. ജോയിന്റ് ആർട്സ് ക്ലബ് സെക്രട്ടറി അഞ്ജു മോഹൻ, കല സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ചിട്ടുണ്ട്. യുവതലമുറയുടെ മുഖമായ, പ്രതീക്ഷയായ നമിത് സനൽ, ട്രഷററായി മത്സരിക്കുന്നു.

14 January - **Makar Sankranti**

This year it will be celebrated on 14 January and marks the termination of the winter season and the beginning of a new harvest season.

14 January - **Pongal**

One of the most popular festivals in India is Pongal and is celebrated widely by the Tamil community across the globe. As per the Tamil solar calendar, Pongal is celebrated in Tai month. It is a four-day event that is dedicated to the Sun God. It is a four-day festival.

15 January – **Indian Army Day**

Every year 15 January is observed as Indian Army Day because on this day in 1949 field Marshal Kodandera M Cariappa took over as the first Commander-in-Chief of the Indian Army from General Sir Francis Butcher, the last British Commander-in-Chief.